# kerala private college teacher

No. 85 & 86

January '89

# എ കെ പി സി ടി എ

## 31-ാം സംസ്ഥാന സമ്മേളനം

# സ്വാഗതസംഘം രൂപീകരിച്ചു

സംഘടനയുടെ 31-ാം സംസ്ഥാന സമ്മേളനം മാർച്ച് 10, 11, 12 തീയതികളിൽ തിരുവല്ലയിൽ നടത്തുന്നതാണ്. സമ്മേളനം വിജയിപ്പിക്കുന്നതിനായുള്ള സ്വാഗത സംഘം രൂപീകരിച്ചു. ഇതിനായി നമ്പൂതിരീസ് കോളേജിൽ വിപുലമായ യോഗം ചേർന്നു. വിവിധ കോളേജുകളിൽ നിന്നുള്ള എ കെ പി സി ടി എ അംഗങ്ങളും മററ് സർവ്വീസ് സംഘടനകളുടേയും ട്രേഡ്യൂണിയനുകളുടേയും പ്രതിനിധികളും പങ്കെടുത്തിരുന്നു. സ്വാഗതസംഘം ചെയർമാൻ ശ്രീ. മാത്യു ടി. തോമസ് എം. എൽ. എ ആണ്. ഡോ. എം. സി. ചാക്കോയാണ് ജനറൽ കൺവീനർ. രക്ഷാധികാരികളായി തമ്പാൻ തോമസ് എം. പി, ഡോ. യു. ആർ അനന്തമൂർത്തി, പ്രൊഫ: ആർ. ആർ. സി. നായർ എന്നിവരെ നിശ്ചയിച്ചു,

സമ്മേളന നടത്തിപ്പിനായി നൂററിയൊന്നു പേരുള്ള ജനറൽ കൗൺസിലും അമ്പത്തിയൊന്നംഗങ്ങളുള്ള എക്സിക്യൂട്ടീവും രൂപീകരിച്ചു.

### എ കെ പി സി ടി എ തെരഞ്ഞെടുപ്പ്
### സംസ്ഥാന റിട്ടേണിംഗ് ഓഫീസർ

എ കെ പി സി ടി എ യുടെ ഇക്കൊല്ലത്തെ (1989) തെരഞ്ഞെടുപ്പിൻെറ സംസ്ഥാന റിട്ടേണിംഗ് ഓഫീസറായി പ്രൊഫ: ടി. കെ. രാമകൃഷ്ണൻ നായരെ വർക്കിംഗ് കമ്മററി നിയമിച്ചിരിക്കുന്നു. ബ്രാഞ്ച് തെരഞ്ഞെടുപ്പ് സംബന്ധിച്ച വിവരങ്ങൾ റിട്ടേണിംഗ് ഓഫീസർ, ജനറൽ സെക്രട്ടറി, ട്രഷറർ എന്നിവർക്ക് അയച്ചുകൊടുക്കണം.

റിട്ടേണിംഗ് ഓഫീസറുടെ അഡ്രസ്സ്

പ്രൊഫ: ടി. കെ. രാമകൃഷ്ണൻ നായർ,
പ്രിൻസിപ്പൽ,
എസ്. എസ്. വി. കോളേജ്,
വളയഞ്ചിറങ്ങര, പെരുമ്പാവൂർ.

# ജനാധിപത്യത്തെയും ഭരണഘടനയേയും അട്ടിമറിക്കുന്ന ഗവർണർ

ജനങ്ങരം തെരഞ്ഞെടുത്ത ഗവൺമെൻറുകളാണ് കേരളത്തിലും കേന്ദ്രത്തിലുമുള്ളത്. ഈ ഗവൺമെൻറുകളെ മാററാനുള്ള അധികാരവും ജനങ്ങൾക്കുതന്നെ. ജനാഭിലാഷം പ്രതിഫലിപ്പിക്കുന്ന നിയമസഭയും പാർലമെൻറും നമുക്കുണ്ട്. ഈ സഭകളുടേയും ക്യാബിനററിൻേറയും തീരുമാനങ്ങരം നടപ്പിലാക്കാൻ ഭരണഘടനാപരമായി ബാധ്യതപ്പെട്ടവരാണ് ഗവർണറും ഇന്ത്യൻ പ്രസിഡൻറും. പക്ഷേ കേരളത്തിൽ ഇപ്പോരം സംഭവിച്ചുകൊണ്ടിരിക്കുന്നതെന്താണ്? കേരളാഗവൺമെൻറിൻെറ തിരുമാനങ്ങരം ഒന്നൊന്നായി ഗവർണ്ണർ അട്ടിമറിക്കുന്നു. ഇത് ഇന്ത്യൻ ജനാധിപത്യത്തെ എവിടെക്കൊണ്ടെത്തിക്കുമെന്ന് ഓരോ പൗരനും ആലോചിക്കേണ്ട സമയമാണിത്. കുറെ സെനററംഗങ്ങളുടെ നോമിനേഷൻെറ കാര്യമായി മാത്രം ഈ പ്രശ്നത്തെ ചുരുക്കി കാണാവുന്നതല്ല. നമ്മളനുഭവിക്കുന്ന പരിമിതമായ ജനാധിപത്യത്തിൻെറമേൽ പോലും ഫാസിസത്തിൻെറ നഖമമരുന്നതാണ് നാം കാണുന്നത്. തെരഞ്ഞെടുത്ത ഗവൺമെൻറിനുമേൽ ഒരു ഗവർണ്ണർ സ്വേച്ഛാധിപത്യപരമായി പിടിമുറുക്കുകയാണ്.

കേരള ചരിത്രത്തിൽ ആദ്യമായിട്ടാണ് നിയമങ്ങളും ജനാധിപത്യരീതികളും ലംഘിച്ച് ഒരു ഗവർണർ സെനററ് നോമിനേഷൻ നടത്തുന്നത്. പ്രഗത്ഭരായ നാലു വിദ്യാർത്ഥികളുടെ പേരുകളായിരുന്നു സെനററിലേക്ക് നോമിനേററു ചെയ്യാൻ സർവ്വകലാശാല നൽകിയിരുന്നത്. അതിൽ രണ്ടുപേരെ മാററിയിട്ട് യാതൊരു പ്രാഗത്ഭ്യവുമില്ലാത്ത, അറിയപ്പെടാത്ത, രണ്ടുപേരെ രാഷ്ട്രീയ പരിഗണനവച്ച് നോമിനേററുചെയ്തിരിക്കയാണ് ഗവർണ്ണർ. അവിടം കൊണ്ടും തീർന്നില്ല. വിവിധ രംഗങ്ങളിൽ കഴിവുതെളിയിച്ചവരുടെ പേരുകളായിരുന്ന കേരള–കാലിക്കട്ട് സർവ്വകലാശാലകളിലേയ്ക്ക് നോമിനേററു ചെയ്യാൻ സർക്കാർ നൽകിയിരുന്നത്,

ആ ലിസ്ററ് രണ്ടുമാസംവരെ ഗവർണർ വച്ചുതാമസിപ്പിച്ചു. അതിനുശേഷം ആ ലിസ്ററിലെ ഭൂരിപക്ഷം പേരെയും ഒഴിവാക്കി ഗവർണർ കുറെ കോൺഗ്രസ്(ഐ) പ്രവർത്തകരെ തന്നിഷ്ടപ്രകാരം നോമിനേററുചെയ്തു. കേരളത്തിലെ പ്രശസ്തനായ എഴുത്തുകാരനായി നോമിനേററു ചെയ്യപ്പെട്ടിരിക്കുന്നത് പണ്ട് കോളേജിൽ ഹിന്ദി പഠിപ്പിച്ചിരുന്ന ഒരാളെയാണ്. ഗവർണർക്ക് ട്യൂഷൻഎടുക്കുന്നതാണ് അദ്ദേഹത്തിനുള്ള ക്വാളിഫിക്കേഷൻ.

കേരള ഗവർണർക്ക് രാജ്ഭവൻ കഴിഞ്ഞാൽ പിന്നെയുള്ള ഓഫീസുകൾ സെക്രട്ടറിയേററും, യൂണിവേഴ്സിററിയുമാണ്. അല്ലാതെ അവർക്കു വിവരം നൽകാൻ കഴിയുന്ന കേന്ദ്രങ്ങൾ നിയമപരമായും ഭരണഘടനാപരമായും വേറേയില്ല. എന്നിരിക്കേ അവർ ഇപ്പോൾ നോമിനേററു ചെയ്തിട്ടുള്ള പേരുകൾ എവിടെ നിന്നുകിട്ടി? ആരാണ് അവരെ ഉപദേശിച്ചത്? അത് കേരളത്തിലെ ജനങ്ങളോടുപറയാനുള്ള ബാധ്യത അവർക്കുണ്ട്. ഗവൺമെൻറിൻെറ ഉപദേശമനുസരിച്ചു പ്രവർത്തിക്കാൻ ഭരണഘടനാപരമായി ബാധ്യതയുള്ള ഗവർണർ ഈ പ്രവർത്തിയിലൂടെ ഭരണഘടനയെത്തന്നെ അട്ടിമറിച്ചിരിക്കയാണ്. നാളെ കേന്ദ്ര ഗവൺമെൻറ് നിർദ്ദേശങ്ങൾ ഇന്ത്യൻ പ്രസിഡൻറ് അംഗീകരിക്കാതെ തന്നിഷ്ടപ്രകാരം പെരുമാറിയാൽ എന്താവും രാജ്യത്തിൻെറ സ്ഥിതി? നിയമവാഴ്ച തകർക്കാനുള്ള ബോധപൂർവ്വമായ ശ്രമമായിട്ടേ ഗവർണറുടെ നോമിനേഷനെ കാണാൻകഴിയൂ. ചാൻസ്ലർക്ക് വിവേചനാധികാരം നിയമം നൽകുന്നില്ലെന്ന കാര്യം ഇവിടെ ഓർക്കേണ്ടതാണ്

ഗവർണറുടെ നടപടികൾക്കെതിരേ കേരളത്തിലെമ്പാടും പ്രതിഷേധം ഉയരുകയാണ്. വിദ്യാർത്ഥികളും അധ്യാപകരും ബഹുജനങ്ങളുമെല്ലാം അതിൽ പങ്കുചേരുന്നുണ്ട്. ഈ പ്രതിഷേധത്തിൽ പങ്കുചേരുന്നതോടൊപ്പം ഗവർണറുടെ ഭരണഘടനാ വിരുദ്ധമായ തീരുമാനങ്ങളെ കോടതിയിൽ ചോദ്യം ചെയ്യാനും എ കെ പി സി ടി എ തീരുമാനിച്ചിട്ടുണ്ട്.

**അധ്യാപകർക്ക് അനഭിമതൻ**
**ഗവർണ്ണർക്ക് അഭിമതൻ.**

ഗവൺമെൻറ് നൽകിയ ലിസ്ററിന് പുറത്തു നിന്ന് കോഴിക്കോട് സർവ്വകലാശാല സെനററിലേക്ക്, ഗവർണ്ണർ നടത്തിയ നോമിനേഷനിൽപെട്ട ഒരാൾ പ്രൊഫ: കല്പററ ബാലകൃഷ്ണൻ (കേരളവർമ്മ കോളേജ്, തൃശൂർ) ആണ്. 1989 ജനുവരിയിൽ കോഴിക്കോട് യൂണിവേഴ്സിററി അക്കാഡമിക് കൗൺസിൽ തെരഞ്ഞെടുപ്പിൽ (മലയാള വിഭാഗം) എ കെ പി സി ടി എ സ്ഥാനാർത്ഥി പ്രൊഫ:വിശ്വനാഥനെതിരെ മത്സരിച്ച് അമ്പേ പരാജയപ്പെട്ട ആളാണിദ്ദേഹം. അധ്യാപകർ ബാലററിലൂടെ പുറം തള്ളിയവരെ അവിഹിത നോമിനേഷനിൽ കൂടി തള്ളിക്കയററുന്നതാണ് ഗവർണ്ണർ ജനാധിപത്യം!

# ആദരാഞ്ജലികൾ

**ജി. ശങ്കരപ്പിള്ള**



1989 ജനുവരി ഒന്നിന് ജി. ശങ്കരപ്പിള്ള അന്തരിച്ചു. ലോക നാടക വേദിയുടെ നിലവാരത്തിലേക്ക് മലയാള നാടകവേദിയെ എത്തിക്കാൻ അവിശ്രമം യത്നിച്ചിരുന്ന ഒരു മഹത്തായ ജീവിതമാണ് പൊടുന്നനെ യവനികക്കുള്ളിൽ മറഞ്ഞത്. അങ്ങനെ മലയാള നാടകത്തിന് ഒരിക്കലും മറക്കാൻ കഴിയാത്ത ഒരാൾ കൂടി നമ്മെ വിട്ടു പിരിഞ്ഞിരിക്കുന്നു.

ശാസ്താംകോട്ട ദേവസ്വം ബോർഡ് കോളേജിൽ മലയാളാധ്യാപകനായിരുന്ന പ്രൊഫ: ശങ്കരപ്പിള്ള അവിടെ നിന്നാണ് തൃശൂർ സ്കൂൾ ഓഫ് ഡ്രാമായിൽ ഡയറക്ടറായി വേദി മാറിയത്. ഇരുവേദികളിലും സ്വയം സമർപ്പണശീലത്തിന്റെ ശക്തി സ്തംഭമായിരുന്നു അദ്ദേഹം. പിന്നീട് മഹാത്മാഗാന്ധി സർവ്വകലാശാലയിൽ സ്കൂൾ ഓഫ് ലെറ്റേഴ്സിന്റെ ഡയറക്ടറായി കർമ്മനിരതനായിരിക്കുമ്പോഴാണ് നമ്മുടെ നാടകവേദിയുടെ ചാലകശക്തിയായിരുന്ന ശങ്കരപ്പിള്ള സാറിന്റെ ചലനം നിലച്ചു പോയത്.

ജി. ശങ്കരപ്പിള്ള നവ നാടക വേദിയുടെ പ്രോദ്ഘാടകൻ ആയിരുന്നു. ഒന്നാംതരം നാടകകൃത്തും സംവിധായകനും സംഘാടകനുമായിരുന്ന ശങ്കരപ്പിള്ള നാടകബോധമുള്ള ഒരു തലമുറയെ വാർത്തെടുത്തു. ഒരു പുതിയ നാടകമുഖത്തിനു വേണ്ടി ആദ്യമായി ശബ്ദിച്ചു. ഒരു പുതിയ രചനാ സമ്പ്രദായം നാടക സാഹിത്യത്തിൽ സൃഷ്ടിച്ചു. പൈതൃകമായി ലഭിച്ച ചിത്രകലാഭിരുചിയിലൂടെ നാടകത്തെ ഒരു എക്സ്പ്രസീവ് മീഡിയം ആക്കി മാററി.

മലയാള നാടകനവീകരണത്തിന്റെ
മാർഗ്ഗദർശിയല്ല,
മാർഗ്ഗമായിരുന്നു ശങ്കരപ്പിള്ള സാർ.
സർവോപരി അദ്ദേഹം നന്മ നിറഞ്ഞ
മനുഷ്യനായിരുന്നു
മനുഷ്യ സ്നേഹിയായിരുന്നു.

ശാസ്താംകോട്ട കോളേജിൽ അധ്യാപകനായിരിക്കുമ്പോൾ അദ്ദേഹം നമ്മുടെ സംഘടനയുടെ സജീവ പ്രവർത്തകനും എ കെ പി സി ടി എ ക്വാർട്ടേർലിയുടെ എഡിററും ആയിരുന്നു. ജേർണൽ മുടങ്ങാതെ പ്രസിദ്ധീകരിക്കുന്നതിന് അതിന്റെ സാമ്പത്തിക ബാദ്ധ്യത ഉൾപ്പെടെയുള്ള ഉത്തരവാദിത്വം അദ്ദേഹം ഏറെറടുത്തു നടത്തിയത് സ്മരണീയമാണ്. സംഘടനയുടെ സജീവ പ്രവർത്തകർക്ക് 'ശങ്കു അണ്ണ'നായിരുന്ന പ്രൊഫ: ശങ്കരപ്പിള്ളക്ക് എ കെ പി സി ടി എ പ്രവർത്തകരുടെ കണ്ണീരിൽ കുതിർന്ന ആദരാഞ്ജലികൾ.



# സാഫ്ദർ ഹാഷ്മി മരിക്കില്ല

സാംസ്കാരിക നായകനും ഡൽഹിയിലെ ജനനാട്യ മഞ്ചിന്റെ കൺവീനറുമായിരുന്ന സാഫ്ദർ ഹാഷ്മിയെ കൊലപ്പെടുത്തിയ സംഭവം ഇന്ത്യയാകമാനം ഞെട്ടലോടെയാണ് കേട്ടത്. ജനുവരി ഒന്നിന് ഡൽഹിക്കടുത്ത് സഹീബാബാദിൽ ഒരു തെരുവുനാടകം അരങ്ങേറുന്ന അവസരത്തിലാണ് ഹാഷ്മിയേയും കൂട്ടരേയും ഗുണ്ടാസംഘം ആക്രമിച്ചത്. നാടകം കണ്ടുകൊണ്ടിരുന്ന ബഹദൂർ വെടിയേററ് തൽക്ഷണം തന്നെ മരിച്ചു. തലയ്ക്കടിയേററ ഹാഷ്മി രാം മനോഹർആശുപത്രിയിൽ പിറേറദിവസം മരിച്ചു.

ജനാധിപത്യത്തിന്റെും അഭിപ്രായ സ്വാതന്ത്ര്യത്തിന്റെയും നേർക്കുനടന്ന അതിക്രൂരമായ ആക്രമണമായിരുന്നു ഇത്. സഹീബാബാദിലെ മുനിസിപ്പൽ തെരഞ്ഞെടുപ്പിൽ വോട്ടു ചെയ്യുന്നവരെ ഹാഷ്മിയുടെ നാടകം സ്വാധീനിക്കുമെന്ന ഭയമാണ് ഈ കൊലപാതകത്തിനു കാരണം. ഇന്ത്യൻ ഭരണവർഗ്ഗത്തിന്റെ അസഹിഷ്ണുത കലാസൃഷ്ടികളെപ്പോലും വച്ചുപൊറുപ്പിക്കില്ല എന്നിടത്തോളം വളർന്നിരിക്കുന്നുവെന്ന് ഈ സംഭവം വ്യക്തമാക്കുന്നു.

സമൂഹത്തിന്റെ അടിത്തട്ടിൽ കിടക്കുന്ന ജനതതിക്ക് അവകാശ ബോധത്തിന്റെ ബാലപാഠം പകരുകയായിരുന്നു എണ്ണമററ തെരുവുനാടകങ്ങളിലൂടെ ഹാഷ്മി. ഡൽഹി— ഫരിദാബാദ് മേഖലകളിൽ ഹാഷ്മിയും അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള ജനനാട്യ മഞ്ചും ഉണ്ടാക്കിയ പരിവർത്തനം വളരെ വലുതാണ്. വിദ്യാർത്ഥിയായിരിക്കുമ്പോഴേ സഫ്ദർ പുരോഗമനപ്രസ്ഥാനവുമായി ബന്ധപ്പെട്ടിരുന്നു. ദില്ലി സെൻറ് സ്റ്റീഫൻസ് കോളേജിലെ പഠനകാലത്തും പിന്നീട് കോളേജധ്യാപകനായപ്പോഴും അദ്ദേഹം ഇടതുപക്ഷ പ്രവർത്തകനായിരുന്നു. പശ്ചിമ ബംഗാൾ ഗവൺമെൻറിന്റെ ഇൻഫർമേഷൻ സർവ്വീസിലായിരിക്കെ മുഴുവൻ സമയ കലാപ്രവർത്തനങ്ങൾക്ക് വേണ്ടി ജോലി രാജിവക്കുകയായിരുന്നു ഹാഷ്മി.

ഇന്ത്യയിലെ കലാകാരൻമാരാകമാനം ഈ കൊലപാതകത്തിൽ രോഷം കൊണ്ടിരിക്കയാണ്. ഒരു ദിവസത്തെ സാംസ്കാരിക ബന്ദ് തന്നെ നടക്കുകയുണ്ടായി. മനുഷ്യനോടൊപ്പം, അവന്റെ പോരാട്ടങ്ങളോടൊപ്പം, നിന്നതിന്റെ പേരിൽ രക്തസാക്ഷിയാകേണ്ടി വന്ന ഹാഷ്മി ജനമനസ്സുകളിൽ ഒരിക്കലും മരിക്കുന്നില്ല.

# Changing Trends in Student Teacher Relations

**Dr. G. Ramakrishna**
**Reader in English, The National College**
**Bangalore-560 004**

It is not unoften that one comes across people reminiscing about the 'good old days' when things were supposed to be green and pleasant in almost every walk of life. This is possibly a greater indication of the discomfiture experienced today than a satisfaction about things of an earlier period. For it is a truism to say that things were not all rosy either in the distant or in the recent past. The question of student-teacher relations is no exception to this. Nostalgic memories of the supposedly ideal situation that prevailed even in the recent past are hardly gratifying when one is confronted with the reality. We just cannot revive the past in all its details though we grant for purposes of an argument that the view of the past is not coloured in romantic terms. The number of pupils and the ranks from which they came are not factors which can be easily discounted when we assess the corresponding factors characterising the contemporary situation. The old pattern can no longer serve as the prototype for shaping the present. For one thing, the limited objectives of education of the earlier epochs do not suffice. Professional skills are not imparted on a hierarchical basis in our present system and that is the most welcome feature of this system. Both quantitatively and qualitatively ours is a different perspective and any meaningful solution for our current problems will have to be worked out by moving forward and not by going back to the past. This is so precisely because we have to overcome the limitations of the past and not live with them.

Lack of communication between the teacher and the taught at a deeper level is a formidable bane today as many have observed while analysing the flaws of the existing system. There is no gainsaying the fact that a large section of the student community does not show any eagerness to hold dialogues with the teachers. An equally valid statement is that the teachers amply reciprocate this apathy. Their grouse is that the students have no pervasive academic interests. A general tendency of direction-lessness has invaded the educational sphere to the same degree with which it has overtaken other areas of social life. As a consequence, no simplistic panacea could be advanced as the real and effiective solution to the maladies of our educational processes.

It may be one way of dramatising the situation to deliver homilies suggesting that everything will fall in its proper place if teachers are committed to their profession like the stalwarts of the earlier years; like, say, Dr. S. Radhakrishnan or professor Rollo This is an erroneous perception which only highlights the unwillingess on our part to face the problem with all its ramifications. Nor does a cliche such as that the rot has set in because of the interference of politicians help us much, because

it begs the question as to why we do not collectively beat back the offensive if that is the only reason for the vitiated atmosphere.

The disease has more or less uniformly been identified. But the will to call it by its proper name is lacking in our academic leaders. The New Education Policy and the programme of Action speak pompously of the right perspective to set the house in order. For example, reference is made to the need for making the university system move centrestage', whatever that means But the moot point is whether this system can be viewed in isolation and tackled as such. A lot of rhetoric has been indulged in to emphasise the fact that many students are in colleges for no other reason than that they could not have been anywhere else. *Mutatis mutandis,* that is true also of many teachers. The inescapable point is that you connot plan the educational sphere in absolutist terms In other words, the absence of an overall planning mechanism in regard to other departments of national development is bound to have its pernicious reflections in the educational world as well. This is not specifically the problem with Karnataka alone. With marginal variations it is true of the entire national scene. It's manifestation is more than obvious in our case when we can unenviably boast of fifty engineering colleges and nearly a hundred and fifty polytechnics in the State of Karnataka.

But how does the Programme of Action envisage a solution? By eliminating the accumulated deficiencies in a twofold manner as enunclated under V. 5, (g) and (h) where it is proposed "to formulate guidelines for granting affiliation to new coileges which should provide, among others, the minimum facilties required in each institution including new teaching aids such as audio-visual system, VCRs.computers. etc.; and to regulate admission on the basis of physical facilities and to develop entrance examinations for admission to institutions of higher education.

The veracity of the claim that these will contribute to making the learning process more attractive and productive is not being questioned the student-teacher relations may improve for the better for all one knows. But what is to be questiond is the wisdom of exeluding a vast number of the prospective students from pursuing their studies without channelising them to a different vocational stream. (Another glaring channelising them to a different vocational stream). Another glaring possibility that a bettet student-teacher relationship. A sequel to the contemplated selective admission scheme is the creation of autonomus colleges. The experience of the autonomous colleges of Tamilnadu is therefor anyone to see and it is not a very heartening feature when it comes to student-teacher relationship in these colleges. The picture there is as bleak as it used to be under the non-autonomous dispensation. It is ironical that the Programme of Action does not so much as recognise that there is this problem of student-teacher relationship to be looked into. Closing the doors of some educational institutions to a large number of students on the plea, albeit valid at times, that they don't deserve to be there does not necessarily improve matters. The condition of persons belonging to the age group under consideration is in all likelihood going to be worsened if no new stream is shown to them. Simply to be told they had better be outside the colleges is the least honourable way of being disposed of.

The relevance of the outlay on education cannot be overstated in this context. A plethora of statements from highly responsible persons in this regard connot but cause dismay and amazement. To wit, to the former Minister for Education in Karnataka went on record saying repeatedly that education is an unproductive item and more than ninety per cent of the education budget is consumed by the salaried people. The Chairman of the Ninth Finace Commission, Mr. N.K P. Salve. has also expressed this same view. It is too late in the day for them to be expecting teachers to be so altruistic as to forego their salaries. That they remain oblivious of the enunciation contained in the New Education Policy that six per cent of the GNP should be earmarked for education is however, an unpalatable truth. The UNESCO recommendation adopted by the Special Intergovernmental Conference in 1966 to which India is a signatory also seems to be unknown to them. Clause IV 10. (I) therein has the following: "as the achievement of the aims and objectives of education largely depends on the financial means made available to it, high priority should be given in all countries, to setting aside, within the national budgets an adequate proportion of the national income for the development of education." Elsewhere, the same UNESCO stipulates that ten per cent of the GNP should be earmarked for educatinn. What is imperative, therefore, is the discussion of what the total outlay is and not simply the division of inadequate outlay itself.

An educationist of some report has stated that humanisation is an essential aim of education and that appears to be the worst casualty in our career-oriented education. "Devil take the hindmost" acts as the guiding philosophy for our education as it does in the areas of economy and culture. Any further accentuation of the policies of elitism in education is bound to accelerate the gap among students. Justification of this norm instead of rectification could be perilous. Paulo Freir spoke of engendering 'critical consciousness' among the participants as one of the aims of education and asserted that this critical consciousness alone enables us to perceive and then to meet the challenges of our times. He lamented that as against this, naive consciousness alone seems to be the end result of the current educational processes. It is when we move in the direction of inculcating critical consciousness in ourselves that a better student-teacher relationship will be a distinct possibility. The UNESCO document earlier referred to also makes mention of the awarenes "of the need for more extensive and widespread general and technical and vocational education, with a view to making full use of all the talent and intelligence available as an essential contribution to continued moral and cultural progress and economic and social advancement."

As far as the teachers are concerned the UNESCO mandate is unambiguous, "Teachig should be regarded as a profession: it is a form of public service which requires of teacher's expert knowledge and specialised skills, acquired and maintained through rigorous and continuing study, it calls also for a sense of personal and corporate responsibility for the education and welfare of the pupils in their charge." The pestilence of private tution as a parallel institution to the colleges is best eradicated if the teachers are at all serious about their profession, for it is neither a 'rigorous and continuing study' nor somethingthat expresses the 'sense of personal and corporate responsibility' in education. It is diametric-

ally opposed to what the same document states elsewhere: "Recognizig that the status of their profession depends to a considerable extent upon themselves, all teachers should seek to achieve the highest possible standards in all their profesional work." Preparing a student for an examination after all, is not the be all and end all of education.

On the other side of the spectrum is the inordinately lorge class-rocm strength to reckon with. Personally, I have a feeling that this is a prohibitive factor only theoretically. In practical terms it is not unmanageable, considering the fact that there is a fairly big group of students which enjoys the lectures by missing them. The regulation regarding attendance is frequently no more than a mere formality in the statute book. The facility for enjoying lectures by missing them is granted for the entire years as the authorities maintain a calculated silence on this score. While not grudging the students this benefit, one has legitimately to ask the question as to what the open university is for if the formal univetsity is allowed to function this way. Malpractices in examinations have by now become concomitant with the evaluation methods in most of our universities. It is no longer a personal effort on the part of the examinee; on the other hand, it is an organised effort of the collective. As if it would be improper to be left out, a section of the teachers also makes its own contribution, too. There was the sordid spectacle a few years ago of a college teacher acting as member of the vigilance squad in the morning and a copying adventurer in the afternoon. This happened right here in Bangalore: Added to this, the teachers have been reluctant )o accept the system of localised examinations as a substitute for the impersonal examination mechanism that is in vogue. The apparent reason for rejecting the alternative is that a fall in standards will ensue therefrom. The real reason, perhaps, is quite another: it will lead to a fall in the pecuniary benefits for teachers. This attitude surely does not indicate any grave concern on the part of teachers for a better student.teacher relationship. Should teachers shun a better method simply because it involves a certain amount of risk? True enough, there is a lot of tension in the class-rooms, but do we run away from them onthat ground? Who else will be the initiator for cleaning the Augean stables if not the teachers themselves whose major work is connected with the stables?

The paradox of the situation is that we have academicians who employ all their reasoning faculty to justify the capitation system and who pretend that private tuition is one from of the 'noble' teaching profession being devoted to the service of students. On the other side we have unwilling students for whom a degree is everything for no particular reason other than that acquiring it is the order of the day. Lording it over both these groups is an insensitive and unimaginative, if not altogether irresponsible, policy-maker. The parents and guardians of the recepients of what goes by the name of education are gloriously impervious to the indequacy of what is being dished out at public cost. Where are we heading to? Several things are rotten in the kingdom of education and how long can we afford to be silent spectators?

ആലുവാ ക്യാമ്പ് ഒരു അവലോകനം: പ്രൊഫ: ജോയ് കുളവേലിൽ

# സാമ്പത്തികശാസ്ത്രം ട്രേഡ്‌യൂണിയൻ കാഴ്ചപ്പാടിലൂടെ

ഡോക്ടർ തോമസ് ഐസക് (സെൻറർ ഫോർ ഡവലപ്മെൻറ് സ്ററഡീസ്) ആണ് ഈ വിഷയത്തെപ്പററി സംസാരിച്ചത്. ക്യാമ്പ് അംഗങ്ങൾ ഉന്നയിച്ച ചോദ്യങ്ങൾക്ക് മറുപടി നൽകുന്ന രൂപത്തിലാണ് അദ്ദേഹം സമകാലിക സാമ്പത്തിക പ്രശ്നങ്ങൾ രസകരമായി അവതരിപ്പിച്ചത്.

a) ഇൻഡ്യൻ വർഗ്ഗ ഘടന
b) കുത്തകകൾ
c) വിലക്കയററവും-ക്ഷാമബത്തയും
d) സോഷ്യലിസ്ററ് ലോക സാമ്പത്തിക പ്രശ്നങ്ങൾ
e) സാമ്പത്തിക സമരങ്ങളും സാമൂഹ്യ പ്രശ്നങ്ങളും
f) കേരളത്തിന്റെ സാമ്പത്തിക പ്രശ്നങ്ങൾ
g) മുതലാളി തൊഴിലാളി ബന്ധങ്ങൾ
h) സമ്മിശ്രസമ്പദ് ഘടന
i) കേരളത്തിന്റെ സവിശേഷതകൾ
j) സർക്കാരിയാ കമ്മീഷൻ നിഗമനങ്ങൾ—ഈ വിഷയങ്ങളെ ആധാരമാക്കി കൊണ്ടുള്ളവയായിരുന്നു ക്യാമ്പ് അംഗങ്ങളുടെ ചോദ്യങ്ങൾ ഏറിയ കൂറും. ഇൻഡ്യൻ സമൂഹത്തിന്റെ വർഗ്ഗഘടനയെപ്പററി വളരെ വിശദമായി ഡോ: തോമസ് സംസാരിച്ചു. കാർഷിക മേഖലയിലുള്ള വർഗ്ഗങ്ങൾ, വ്യവസായ മേഖലയിലുള്ള വർഗ്ഗങ്ങൾ എന്ന് ഇനം തിരിച്ച് ഈ പ്രശ്നം വിശകലനം ചെയ്തു. ഉല്പാദന ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് സാമൂഹ്യ വർഗ്ഗങ്ങൾ ഉരുത്തിരിഞ്ഞത് എന്നും ഓരോ സാമൂഹ്യ ക്രമത്തിനും അതിന്റേതായ ഉല്പാദന ബന്ധങ്ങളുണ്ട് എന്നും ഉല്പാദന ബന്ധങ്ങൾ ആ സമൂഹത്തിന്റെ സാമൂഹ്യ ബന്ധങ്ങളെ രൂപപ്പെടുത്തുന്നു എന്നും അദ്ദേഹം സിദ്ധാന്തിച്ചു. കാർഷിക മേഖലയിൽ അർദ്ധഫ്യൂടൽ, അർദ്ധമുതലാളിത്ത സാമൂഹിക അംശങ്ങൾ നിലനിൽക്കുന്നു. ഈ മേഖലയിൽ കാർഷിക മുതലാളി അഥവാ ജന്മി വർഗ്ഗം, കർഷകതൊഴിലാളി അഥവാ കുടിയാന്മാർ എന്നിങ്ങനെ വിശാലതലക്കെട്ടുകളിൽവർഗ്ഗങ്ങളെ തരംതിരിക്കാം. ഓരോ വിഭാഗത്തിന്റെ താല്പര്യങ്ങളും അതിനെ സാധൂകരിക്കുന്ന തന്ത്രങ്ങളും ക്ലാസിൽ വിശദീകരിച്ചു. സ്വകാര്യ മേഖലയിലെ കുത്തകവ്യവസായങ്ങൾ കൊഴുത്തു തടിക്കുന്നതിന് ഇടയാക്കുന്ന ഭരണവർഗ്ഗത്തിന്റെ രാഷ്ട്രീയ സാമ്പത്തിക നയങ്ങളും, നിലപാടുകളും ചർച്ചാവിഷയമായി. മുതലാളിത്ത വളർച്ച ദേശീയസമ്പത്തിന്റെ വിതരണത്തെ മുതലാളിത്ത വർഗ്ഗ താല്പര്യത്തിന് അനുസൃതമാക്കി മാററുന്നു. ഇത് തൊഴിലാളി വർഗ്ഗത്തിന്റെ ജീവിത ചുററുപാടുകൾ ദുസ്സഹമാക്കുന്നു. ഇത്തരം പുതിയ വെല്ലുവിളികളെ തൊഴിലാളി നേരിടേണ്ടി വരുന്നു. ഭരണവർഗ്ഗം കുത്തക മുതലാളി വർഗ്ഗത്തിന്റെ ഒത്താശയോടെ നിയമനിർമ്മാണം ഉൾപ്പെടെയുള്ള അടിച്ചമർത്തൽ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നു. ഈ സാഹചര്യം ഉയർത്തുന്ന വെല്ലുവിളി

കളെ തൊഴിലാളി വർഗ്ഗം ചെറുത്തു തോല്പിക്കേണ്ടതിൻെറ ആവശ്യകത അദ്ദേഹം വിശദീകരിച്ചു.

ഇൻഡ്യൻ സമ്പദ്‌വ്യവസ്ഥ കടുത്ത പ്രതിസന്ധിയിലാണെന്ന് ശ്രീ. റെി സക് വിലയിരുത്തി. കേന്ദ്രസർക്കാർ നടത്തുന്ന വിഭവസമാഹരണം വിലക്കയററം സൃഷ്ടിക്കുന്നു എന്നും ജീവിത നിലവാര സൂചികയിൽ തന്മൂലം വർദ്ധനയുണ്ടാകുന്നു എന്നും ഇതേ കാരണംകൊണ്ട് ഉദ്ദിഷ്ഠ വളർച്ചാനിരക്ക് നിലനിർത്താൻ കഴിയാതെ പോകുന്നു എന്നുമുള്ള നിലയാണ് ഇന്നത്തെ പ്രതിസന്ധിക്ക് കാരണം. ഈ ദൂഷിതവലയത്തിൽപ്പെട്ട് സമ്പദ്ഘടന വളർച്ച മുട്ടി നിൽക്കുന്നു. കേരളത്തിൻെറ സ്ഥിതിയും വ്യത്യസ്തമല്ല. പക്ഷെ ഇതിനു കാരണം ദേശീയ സാമ്പത്തികനയ രൂപീകരണത്തിലുള്ള വികലതകളാണ് ഉദാഹരണമായി കാർഷിക പരിഷ്കാരം ഉല്പാദനക്ഷമതാ വർദ്ധനക്ക് വഴി തെളിച്ചില്ല. വ്യാവസായിക രംഗത്തും വളർച്ചയില്ല. ഊതിപ്പെരുപ്പിച്ച ശതമാന ക്കണക്കിൽ മാത്രമാണ് വർദ്ധന. ചുരുക്കത്തിൽ ഉല്പാദനവുമായി ബന്ധപ്പെട്ട മേഖലകളിൽ എല്ലാം മുരടിപ്പ് മാത്രമാണുള്ളത്. എന്നാൽ ഉപഭോഗത്തിൻെറ വർദ്ധന ക്രമത്തിൽ അതീതമാണ്. കേരളത്തിൻെറ ചുററുപാടുകളിൽ ഈ പ്രശ്നം വിലയിരുത്തിയാൽ ഇവിടെ ഉല്പാദനം എന്നൊന്ന് ഇല്ല. ഇവിടെ ആകെയുള്ളത് ഉപഭോഗ സമൂഹമാണ്. ഗൾഫ് പണത്തിൻെറ ഒഴുക്ക് കുറഞ്ഞുവരുന്ന സ്ഥിതി കൂടിയാകുമ്പോൾ ഉണ്ടാകുന്ന മാന്ദ്യം വളരെ വലുതാണ്. ഈ സാഹചര്യത്തിലാണ് സാമ്പത്തിക സമരം അനിവാര്യമായിത്തീരുന്നത്. സാമ്പത്തിക സമരം മാററങ്ങൾ വരുത്തുന്നതോടൊപ്പം സാമൂഹ്യ പ്രതിബദ്ധത വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഈ വിധത്തിൽ നമ്മുടെ ചുററിലും സംഭവിച്ചുകൊണ്ടിരിക്കുന്ന സാമൂഹ്യമാററങ്ങളെ സാമ്പത്തിക ശാസ്ത്രത്തിൻെറ വെളിച്ചത്തിൽ വിശകലനം ചെയ്തുകൊണ്ടുള്ള ഈ ക്ളാസ് ക്യാമ്പംഗങ്ങൾക്ക് പുതിയ അറിവുകൾ നൽകി.

## സംഘടന നേരിടുന്ന അടിയന്തിര പ്രശ്നങ്ങൾ

പ്രൊ. പി. നരേന്ദ്രൻ

സ്വകാര്യ കോളേജ് മേഖലയിൽ പണിയെടുക്കുന്ന അധ്യാപകരിൽ നല്ലൊരു ശതമാനം എ. കെ. പി. സി. ടി. എ അംഗങ്ങളാണ്. ഏററവും വലിയ കോളേജ് അധ്യാപക സംഘടനയും നമ്മുടേതു തന്നെ. പക്ഷെ ഇതിനു പുറത്തു നില്ക്കുന്നവരുടെ സംഖ്യ കുറവല്ല. വനിതാ കോളേജുകളിൽ നമ്മുടെ സ്ഥിതി ഒട്ടും ആകർഷകമല്ല. വനിതാ കോളേജുകളിൽ പ്രവർത്തകരുടെ അഭാവം വലുതാണ്. ചെറുപ്പക്കാരായ അധ്യാപകർക്ക് സംഘടനയുടെ ചരിത്രത്തെപ്പററിയും സംഭാവനകളെപ്പററിയും ഉള്ള അറിവും കുറവാണ്. അതോടൊപ്പംതന്നെ നമുക്ക്നേരെ ഉയരുന്ന ഭീഷണികളെപ്പററിയുള്ള അംഗങ്ങളുടെ അറിവില്ലായ്മയും മാറേറണ്ടതായിട്ടുണ്ട്. സംഘടനക്ക് പുറത്തു നില്ക്കുന്നവരെ കൂടി ഇതിലേക്ക് ആകർഷിക്കുകയും അതുവഴി കൂടുതൽ മെച്ചപ്പെട്ട നേട്ടങ്ങൾ കൈവരിക്കുകയും ചെയ്യാൻ നമുക്ക് കഴിയണം. ഇതിനാവശ്യം അർപ്പണബുദ്ധിയുള്ള പ്രവർത്തകരാണെന്ന് പ്രൊ. നരേന്ദ്രൻ അഭിപ്രായപ്പെട്ടു.

അംഗങ്ങളിലും, പ്രവർത്തകരിലും കാണപ്പെടുന്ന അലംഭാവം സംഘടന

യുടെ ഭാവിയെ ബാധിക്കുമെന്ന് അദ്ദേഹം മുന്നറിയിപ്പു നൽകി. മെമ്പർഷിപ്പ് നൽകുക അതും സമ്മർദ്ദങ്ങളുടെ ഫലമായി മാത്രം. അതു കഴിഞ്ഞാൽ തന്റെ കടമ കഴിഞ്ഞു എന്ന ചിന്ത ആപൽക്കരമാണ്. ഞാൻ മെമ്പർഷിപ്പുതന്നു. ഇനി എന്തു വേണം? എന്ന ചിന്ത മാറണം. സംഘടനാ പ്രവർത്തനം ഒരു കൂട്ടായ പ്രവർത്തനമാണ്. പ്രവർത്തകസമിതി എല്ലാം ചെയ്തു കൊള്ളുമെന്ന നില മാററണം. ഓരോരുത്തരും ഏവരും സജീവമാകുകയും ചെയ്യുമ്പോഴ മാത്രമേ പ്രസ്ഥാനം ജീവത്താകുകയുള്ളു. സജീവപങ്കാളിത്തത്തിന്റെ അഭാവം മൂലമാണ് നമ്മുടെ പല പരിപാടികളും വിജയിക്കാതെ കിടക്കുന്നത്. നാലായിരത്തോളം അംഗബലമുള്ള ഒരു സംഘടനക്കിതു ഭൂഷണമല്ല. എല്ലാവർക്കും പങ്കാളിത്തബോധം എന്ന ലക്ഷ്യം കൈവരിച്ചാലെ സംഘടനക്ക് ഭാവിയിൽ നേട്ടങ്ങഠം കൊയ്യാൻ സാധിക്കുകയുള്ളെന്ന് അദ്ദേഹം പറഞ്ഞു.

ഉന്നത വിദ്യാഭ്യാസ മേഖലയും അധ്യാപകരും നേരിടേണ്ടി വരുന്ന വെല്ലുവിളികഠം കൂടി വരുന്നു എന്നതാണ് സത്യം. ഇവയെ ഒക്കെ ചെറുത്തു തോല്പിക്കാൻ മുമ്പെന്നത്തേക്കാളും ശക്തി ഇന്നാണ് ആവശ്യം.. യു. ജി. സി സ്കെയിൽ നമുക്ക് കിട്ടിയേ തീരു. പ്രൊഫ: നരേന്ദ്രൻ പറഞ്ഞു. ഇത് കുറച്ചുപേർക്കായി ചുരുക്കാനുള്ളതല്ല യു. ജി. സി നിബന്ധനകഠം ഇന്നും നിലനിൽക്കുന്നു. അതിനെതിരെയുള്ള പോരാട്ടങ്ങഠം തുടരേണ്ടതായിട്ടുണ്ട്. അഫിലിയേഷൻ നിർത്തലാക്കി സാമ്പത്തിക സ്വയം പര്യാപ്തതയുള്ള സ്വയംഭരണകോളേജുകഠം സ്ഥാപിക്കാനുള്ള നടപടിയുടെ ഭാഗമാണ് അക്രെഡിറേറഷൻ ആൻറ് അസസ്സ്മെൻറ് കൗൺസിൽ രൂപീകരണം. സാമ്പത്തിക സ്വയംപര്യാപ്തത ഇല്ലാത്ത സ്ഥാപനങ്ങളുടെ അഫിലിയേഷൻ നിർത്തലാക്കുക. തൽഫലമായി കോളേജുകളുടെ എണ്ണം ചുരുക്കുക, അധ്യാപകന്റെ ജോലി നഷ്ടപ്പെടുത്തുക കൂടാതെ ഉന്നത വിദ്യാഭ്യാസം സമ്പന്നരുടെ മാത്രം കുത്തകയാക്കുക. വരേണ്യവർഗ്ഗ വളർച്ചയാണിതിന്റെ മുഖ്യ ലക്ഷ്യം. കൂടാതെ ഉന്നതവിദ്യാഭ്യാസം കുത്തക വ്യവസായികളുടെ കയ്യിൽ എത്തിക്കാനുള്ള നീക്കവുമുണ്ട്. വിദ്യാഭ്യാസത്തിന് സാമ്പത്തികം ഒരുക്കികൊടുക്കുവാൻ കഴിവുള്ളവരുടെ കയ്യിലായിരിക്കും വിദ്യാഭ്യാസത്തിന്റെ കടിഞ്ഞാൺ. സ്കൂഠം തലത്തിൽ നവോദയ വിദ്യാലയങ്ങഠം, യൂണിവേഴ്സിററി തലത്തിൽ ഓട്ടോണമസ് സ്ഥാപനങ്ങഠം ഇതാണ് പുത്തൻ നയത്തിന്റെ പുതിയ പരിപ്രേക്ഷ്യം. ഓട്ടോണമി ലഭിക്കുന്നതോടെ വിദ്യാഭ്യാസ കച്ചവടക്കാരും, ഏജൻസികളും കോഴ്സുകഠം വെട്ടിച്ചുരുക്കി തങ്ങഠംക്കിഷ്ടമില്ലാത്തവരെ ഒതുക്കുന്ന കഥകഠം നാം ഓർക്കണം. ട്രേഡ് യൂണിയൻ അവകാശങ്ങഠം വെട്ടിച്ചുരുക്കപ്പെടും. നമ്മഠം 1970 ന് മുൻപുള്ള കാലഘട്ടത്തിന്റെ സ്ഥിതിഗതികളിലേക്ക് തിരിച്ചുപോകും മാനേജുമെൻറിന്റെ അടിമകളായിത്തീരും. നാം എന്തൊക്കെ നേടിയോ അതൊക്കെ അടിയറവെക്കുന്ന അസുഖകരമായ അവസ്ഥയെപ്പററി ജന:സെക്രട്ടറി അംഗങ്ങളെ ഓർമ്മിപ്പിച്ചു.

ഇടതുപക്ഷ സർക്കാർ കേരളത്തിൽ അധികാരത്തിൽ വന്നശേഷം തൊഴിൽ സമരങ്ങളോടുള്ള മനോഭാവം മാറി. ഡയസ്നോൺ എടുത്തു കളഞ്ഞു. എ

ങ്കിൽക്കൂടി ഇനിയും പല കിരാത നിയമങ്ങളും മാററപ്പെടാതെ കിടക്കുന്നുണ്ട്. തൊള്ളായിരത്തി എഴുപതുകളുടെ അവസാന .നാം യു. ജി. സി ക്കുവേണ്ടി സമരം ചെയ്തപ്പോരം ഏർപ്പെടുത്തിയ കരിനിയമം മാററമില്ലാതെ തുടരുന്നു. ഒരുദിവസം പണിമുടക്കിയാൽ 60 ദിവസത്തെ ശമ്പള നഷ്ടം എന്ന നിയമം ലോകത്ത് മറെറവിടെയെങ്കിലും ഉണ്ടോ ശ്രീ. നരേന്ദ്രൻ ചോദിച്ചു. കൂടാതെ അധ്യാപകരുടെ പ്രൊവിഡൻറ് പ്രശ്നങ്ങരം പരിഹരിക്കപ്പെടാതെ കിടക്കുന്നു. ക്രെഡിററ് കാർഡ് കിട്ടാനുള്ള ശ്രമങ്ങരം പൂർണ്ണമായി വിജയിച്ചിട്ടില്ല. കൂടാതെ അന്തർ, സർവ്വകലാശാല സ്ഥലം മാററം സംബന്ധിച്ച് മാനേജുമെൻറുകളുടെ നിഷേധാത്മക സമീപനം തിരുത്തിക്കുറിക്കേണ്ടതിൻെറ ആവശ്യകത ജന: സെക്രട്ടറി ഊന്നിപ്പറഞ്ഞു. കോർപ്പറേററ് മാനേജുമെൻറുകളുടെ കീഴിൽ ജോലിചെയ്യുന്ന അധ്യാപകർ അനുഭവിക്കുന്ന എണ്ണമററ കഷ്ടപ്പാടുകരം ലഘൂകരിക്കാനുദ്ദേശിച്ച് കേരള–കോഴിക്കോട് ആക്ടിലെ 64-ാം വകുപ്പും മഹാത്മാഗാന്ധിയിലെ 68-ാം വകുപ്പും നടപ്പാക്കി കിട്ടാനുള്ള എ. കെ. പി. സി. ടി. എ പോരാട്ടങ്ങരം ശക്തവും ഫലപ്രദവുമായിരുന്നു. 64, 68 വകുപ്പുകളുടെ സാധുത ചോദ്യം ചെയ്ത് സമർപ്പിച്ചറിട്ട് തള്ളിക്കളഞ്ഞ് ബഹു: ഹൈക്കോടതി പ്രസ്തുത വകുപ്പുകരം സാധുവായി പ്രഖ്യാപിക്കുകയുണ്ടായി. ഈ വിധിയുടെ വെളിച്ചത്തിൽ മാനേജുമെൻറുകരം സ്ഥലം മാററം നടപ്പാക്കാൻ ബാദ്ധ്യസ്ഥരാണ് എങ്കിലും ഇത് എങ്ങനെ നടപ്പാക്കാതിരിക്കാം എന്നുള്ള ആലോചനകളും പ്രവർത്തനങ്ങളും നടത്താനാണ് വിദ്യാഭ്യാസ ഏജൻസികരം ശ്രമിക്കുന്നത്. പക്ഷെ ഇത് ഇന്നല്ലെങ്കിൽ നാളെ നടപ്പാകാതിരിക്കാൻ ആവില്ല. എ. കെ. പി. സി. ടി. എ യുടെ സമരചരിത്രത്തിലെ അവിസ്മരണീയമായ മറെറാരു അദ്ധ്യായമായിത്തീരും ഇതെന്ന് ജന: സെക്രട്ടറി പറഞ്ഞു.

## ഗ്രൂപ്പ് ചർച്ച, ഗ്രൂപ്പ് റിപ്പോർട്ട്

ഗ്രൂപ്പ് തിരിഞ്ഞുള്ള ചർച്ചയായിരുന്നു ക്യാമ്പിലെ വിജയകരമായ മറെറാരിനം. സർവ്വകലാശാലാ അടിസ്ഥാനത്തിലാണ് ഗ്രൂപ്പ് തിരിച്ചത്. കാലിക്കററ് മേഖലാ ഗ്രൂപ്പിന് പ്രൊഫ: എം. സലീം നേതൃത്വം നൽകി, കേരള ഗ്രൂപ്പിന് പ്രൊഫ: ബി. രാധാകൃഷ്ണനും, ഗാന്ധിജി ഗ്രൂപ്പിന് പ്രൊഫ: ജോർജ്ജ് സെബാസ്റ്റ്യനും നേതൃത്വം നൽകി. ഗ്രൂപ്പ് ചർച്ചാ വിഷയങ്ങളെ തരംതിരിച്ചു നോക്കാം.

a) യു. ജി. സി ശമ്പള സ്കെയിൽ ഇത് സംബന്ധമായി അംഗങ്ങളിലും, ബ്രാഞ്ചുകളിലും ഉള്ള സംശയങ്ങരം ഇത് നേടിയെടുക്കാൻ എ. കെ. പി. സി. ടി. എ പ്രതിജ്ഞാ ബദ്ധമാണെന്ന നിഗമനവും.

b) സംഘടനയും അക്കാദമീയ പ്രശ്നങ്ങളും സംഘടനയുടെ താല്പര്യം, പ്രവർത്തനങ്ങരം പോരായ്മകരം, ഭാവിപരിപാടി രൂപപ്പെടുത്തൽ.

c) യൂണിററുതല പ്രവർത്തനങ്ങരം, പ്രവർത്തകർ നേരിടുന്ന ബുദ്ധിമുട്ടുകരം പ്രവർത്തകരുടെ അർപ്പണ മനോഭാവം.

d) ഉന്നത വിദ്യാഭ്യാസ മേഖലയും

അധ്യാപകരും നേരിടുന്ന ചല ഞ്ചുകൾ.

e) കരിനിയമങ്ങൾ അവ മാററിയെടുക്കാനുളള പ്രവർത്തനങ്ങൾ യൂണി: സ്വയംഭരണ ജനാധിപത്യ സ്വഭാവം നിലനിർത്തൽ.

യു. ജി. സി സ്കെയിൽ സംബന്ധിച്ച് കോഴിക്കോട് സർവ്വകലാശാല സിൻഡിക്കേററ് യോഗത്തിൽ നമ്മുടെ പ്രതിനിധി എടുത്ത നിലപാട് വിലയിരുത്തുകയും ചെയ്തു. ഇതോടൊപ്പംതന്നെ അണികളിൽ നിലനിൽക്കുന്ന സംശയങ്ങൻ ദൂരീകരിക്കാൻ നടപടി ഉണ്ടാകണമെന്നും ഗ്രൂപ്പുകൾ ആവശ്യപ്പെട്ടു. കൂടാതെ ഈ ശമ്പള ഘടന നേടിയെടുക്കാൻ നാം പ്രതിജ്ഞാ ബദ്ധരാണെന്ന് ഗ്രൂപ്പുകൾ തറപ്പിച്ചു പറഞ്ഞു. യു. ജി. സി നേടുന്നതിനു വേണ്ടി കേന്ദ്ര–സംസ്ഥാന സർക്കാരുകളിൽ സമ്മർദ്ദം ചെലുത്തണമെന്നും ആവശ്യമെങ്കിൽ പണിമുടക്കുൾപ്പെടെയുളള പ്രത്യക്ഷസമര പരിപാടികൾ ആവിഷ്ക്കരിക്കണമെന്നും ഗ്രൂപ്പുകൾ ആവശ്യപ്പെട്ടു. യു. ജി. സി സംബന്ധിച്ച് ബോധപൂർവ്വം സൃഷ്ടിക്കപ്പെട്ട ആശങ്കകൾ ദൂരീകരിക്കണമെന്നും, സംഘടനയുടെ ഇക്കാര്യത്തിലുളള എക്കാലത്തേയും നിലപാട് ഒന്നുതന്നെയാണെന്ന് അംഗങ്ങളെ ബോദ്ധ്യപ്പെടുത്താൻ ജില്ലാതല ചർച്ചകൾ നടത്തണമെന്നും പറഞ്ഞു.

അക്കാദമിക്കാര്യങ്ങളിൽ സംഘടന മുൻകാലങ്ങളിൽ കാണിച്ചുപോന്ന താല്പര്യം ഇപ്പോൾ കാണുന്നില്ലെന്ന ആക്ഷേപം ഗ്രൂപ്പ് ചർച്ചയിൽ പൊന്തിവന്നു. സേവന–വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതോടൊപ്പം തന്നെ അക്കാദമിക് കാര്യങ്ങളിലും വേണ്ടത്ര ശ്രദ്ധ ഉണ്ടാകണമെന്ന് നിർദ്ദേശിച്ചു. കാലാനുസൃതമായ സിലബസ് പരിഷ്കരണം, കൃത്യസമയത്തുളള പരീക്ഷാ നടത്തിപ്പ്, പരീക്ഷാഫല പ്രഖ്യാപനതാമസം ഒഴിവാക്കൽ, എന്നീ പ്രശ്നങ്ങളിൽ സംഘടന സജീവതാല്പര്യം കാണിക്കണം. കൂടാതെ അധ്യാപകന്റെ യോഗ്യത മെച്ചപ്പെടുത്തുന്നതിനു ആവശ്യമായ റിഫ്രഷർ കോഴ്സുകൾ, സമ്മർ കോഴ്സുകൾ, സെമിനാറുകൾ എന്നിവ സർവ്വകലാശാലകളുമായി ബന്ധപ്പെട്ട് നടപ്പാക്കാൻ ആവശ്യമായ ചർച്ചകൾ നടക്കണം.

യൂണിററു തലത്തിലുളള സംഘടനാ പ്രവർത്തകർ നേരിടുന്ന ബുദ്ധിമുട്ടുകൾ പല അംഗങ്ങളും വിവരിച്ചു. ബ്രാഞ്ചിൽ നിന്ന് അയക്കുന്ന കത്തുകൾക്കും, അന്വേഷണങ്ങൾക്കും വ്യക്തമായും, കൃത്യമായും മറുപടി ലഭിക്കാത്തതിന്റെ പേരിലുണ്ടാകുന്ന അസ്വസ്ഥതകൾ പല അംഗങ്ങളും വികാരഭരിതരായി പറയുകയുണ്ടായി. ഇത് പരിഹരിക്കുന്നതിനുളള വ്യക്തമായ നിർദ്ദേശങ്ങളും ഗ്രൂപ്പുകളിൽ തന്നെ, ഉരുത്തിരിഞ്ഞു വന്നു. ജില്ലാതല പ്രവർത്തനം കൂടുതൽ കാര്യക്ഷമതയുളളതാക്കുക, ജില്ലാ ഓഫീസുകൾ പ്രവർത്തിപ്പിക്കുക, ജില്ലക്ക് പ്രത്യേക ഫണ്ടുണ്ടാക്കുക തുടങ്ങിയ കാര്യങ്ങൾ ഗ്രൂപ്പുകൾ അംഗീകരിച്ചു. പക്ഷെ ഇവയെക്കാൾ എല്ലാം പ്രധാനം പ്രവർത്തകർ കാണിക്കുന്ന അർപ്പണ മനോഭാവവും, പങ്കാളിത്തവുമാണെന്ന് സംശയമില്ലെന്ന് ഗ്രൂപ്പ് അംഗങ്ങൾ തുറന്നുപറഞ്ഞു.

കോർപ്പറേററ് മാനേജുമെൻറുകൾ കോടതി വിധിയും, സർക്കാർ നിർദ്ദേശവും ഉണ്ടായിട്ടും അധ്യാപകർക്ക് അർഹമായ സ്ഥലം മാററം നൽകാത്ത

തിൽ ഗ്രൂപ്പ് അംഗങ്ങൾ അമർഷം രേഖപ്പെടുത്തി. ഈ പ്രശ്നം ശാശ്വതമായി പരിഹരിച്ചു കിട്ടാൻ ആവശ്യമായ നിതാന്ത ജാഗ്രത സംഘടനാ നേതാക്കൾ പുലർത്തണമെന്ന് ആവശ്യപ്പെട്ടു. ഭാരതത്തിലെ മൊത്തം തൊഴിലാളി പ്രശ്നങ്ങൾ പുതിയ കാഴ്ചപ്പാടിലൂടെ കാണാനും അവ പരിഹരിക്കാൻ ആവശ്യമായ പരിപാടികളിൽ നമ്മുടെ പങ്കാളിത്തം കൂടുതൽ സജീവമാക്കണമെന്നും പലരും ആവശ്യപ്പെട്ടു. മററു സഹോദര സംഘടനകളുമായി കൂടുതൽ ബന്ധപ്പെടാനും ഏററം വിശാലമായ ഐക്യവേദി ഉണ്ടാക്കുകയും അതുവഴി മുഴുവൻ തൊഴിലാളി വർഗ്ഗത്തിൻെറയും മോചനത്തിനായുള്ള പോരാട്ടത്തിന് ആക്കം വർദ്ധിപ്പിക്കണമെന്ന അഭിപ്രായവും ശക്തമായി ഉന്നയിക്കപ്പെട്ടു.

## യൂണി: നിയമങ്ങൾ, സംശയനിവാരണം

പ്രൊ: ടി. ഗോപാലകൃഷ്ണൻ

യൂണി: നിയമങ്ങൾ ക്യാമ്പിൽ പ്രതിപാദ്യ വിഷയമായി. അംഗങ്ങൾ കാലേക്കൂട്ടി അയച്ച് കൊടുത്തതും, അല്ലാത്തതുമായ സംശയങ്ങൾക്ക് പ്രൊഫ: ടി. ഗോപാലകൃഷ്ണൻ മറുപടി നൽകി. ആക്ട്, സ്ററാററ്യൂട്ട്, റൂൾസ് തുടങ്ങി വിവിധ മേഖലകളിലുള്ള സംശയങ്ങൾക്ക് നിവാരണം വരുത്താൻ ഈ പരിപാടി സഹായിച്ചു.

## ക്രഡൻഷ്യൽ കമ്മററി റിപ്പോർട്ട്

ക്രഡൻഷ്യൽ കമ്മിററി ചെയർമാൻ ശ്രീ പ്രതാപചന്ദ്രൻനായർ ക്യാമ്പംഗങ്ങളിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ പഠിച്ച് റിപ്പോർട്ട് അവതരിപ്പിച്ചു. പ്രായം തിരിച്ചുള്ള പഠനം, സാമൂഹ്യ, സാംസ്കാരിക, രാഷ്ട്രീയ പ്രവർത്തനങ്ങൾ തുടങ്ങിയ കാര്യങ്ങൾ വിലയിരുത്തപ്പെട്ടു. അക്കാദമീയമായ നേട്ടങ്ങളും പഠനത്തിന് വിധേയമായി. ചുരുക്കത്തിൽ സംഘടനാ പ്രവർത്തകരുടെ പ്രവർത്തന മേഖലകളെ മനസ്സിലാക്കാനും വിലയിരുത്താനും ക്രഡൻഷ്യൽ കമ്മററിയുടെ പ്രവർത്തനം സഹായിച്ചു.

## കാലിക്കററ് യു. ജി. സി. പ്രശ്നം

യു. ജി. സി സ്കെയിൽ നടപ്പാക്കാനുള്ള കാലിക്കട്ട് വാഴ്സിററി സിൻഡിക്കേററിൻെറ വിവാദപരമായ തീരുമാനവും അതിൽ ശ്രീ. മാധവൻ നായർ കൈക്കൊണ്ട നിലപാടുകളും അദ്ദേഹം ക്യാമ്പിൽ അംഗങ്ങളുടെ അറിവിനു വേണ്ടി വിശദീകരിക്കുകയുണ്ടായി. പ്രസക്തഭാഗങ്ങൾ മാത്രം ചുരുക്കി എഴുതാം.

a) യു. ജി. സി സ്കെയിൽ പ്രശ്നം സിൻഡിക്കേററ് യോഗത്തിൻെറ പരിഗണനക്കു വരുമെന്ന് അജണ്ടയിൽ രേഖപ്പെടുത്തിയിരുന്നില്ല. വളരെ ലാഘവത്തോടെ ധൃതിയിൽ കൈകാര്യം ചെയ്യാൻ വി. സി തന്നെ യു. ജി. സി പ്രശ്നം യോഗത്തിൽ അവതരിപ്പിക്കുകയാണുണ്ടായത്.

b) പരീക്ഷാ പ്രതിഫലം വർദ്ധിപ്പിക്കുന്ന കാര്യം വന്നപ്പോൾ ഗവൺമെൻറുമായി ആലോചിക്കണമെന്നും ഇൻറർ യൂണിവേഴ്സിററി കൺസൾട്ടേററീവ് കമ്മിററിയിൽ ഇക്കാര്യം ചർച്ച ചെയ്ത് ഒരു യൂണിഫോർമിററി വരുത്തണ

മെന്ന കാര്യത്തിലും ശ്രാ൦ം പി ടിച്ചു. എന്നാൽ യു. ജി. സി പ്രശ്നം വന്നപ്പോൾ സർക്കാരുമായും, Iucc യുമായും ഒരു ചർച്ചയും വേണ്ടെന്ന നിലപാട് സ്വീകരിച്ചു.

c) വിഭാഗീയമായി ഒരു സർവ്വകലാശാലയിൽ മാത്രം ഈ സ്കെയിൽ നടപ്പാക്കാനുള്ള നീക്കമായിരുന്നുള്ളത്. ഇത് ഈ സംസ്ഥാനത്തെ കോളേജ് അധ്യാപക താല്പര്യത്തിന് വിരുദ്ധമാണ് ഈ ആവശ്യം ഉന്നയിച്ച് പല ഘട്ടങ്ങളിലായി തൊടുത്ത ഇന്നത്തെ സമരം നടത്തിയത് എ. കെ. പി. സി. ടി. എ ആണ്. ഇത് നടപ്പാക്കുമ്പോൾ ഒന്നിന് നടപ്പാക്കാതിരിക്കുന്നതിന്റെ നഷ്ടം നാം അനുഭവിക്കേണ്ടിവരും. സർവ്വകലാ ശാലകൾ മാത്രം യു. ജി. സി യുടെ ഗുണഭോക്താക്കൾ ആകുന്ന സ്ഥിതി ആവശ്യമില്ല

d) സിൻഡിക്കേററിന് ഈ സ്കെയിൽ നടപ്പാക്കുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളാൻ അധികാരമില്ല. ഈ തീരുമാനം ആക്ടിനും റൂളിനും വിരുദ്ധമാണ്. സംസ്ഥാന സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടു കൂടി മാത്രമേ ഇത് ഈ സംസ്ഥാനത്ത് നടപ്പാക്കാൻ കഴിയുകയുള്ളു. അധികാരമില്ലാത്ത കാര്യത്തിൽ തീരുമാനം കൈക്കൊള്ളുമ്പോൾ അതിൽ ചേർന്ന് അപഹാസ്യനാകാൻ നമ്മുടെ പ്രതിനിധി തയ്യാറില്ലായിരുന്നു. പരമാവധി സിൻഡിക്കേററിനു ചെയ്യാവുന്നത്, സർക്കാരിനോട് പ്രമേയത്തിലൂടെ ഈ തസ്തികയിൽ നടപ്പാക്കണമെന്ന് അഭ്യർത്ഥിക്കാം. ഈ സ്കെയിൽ നടപ്പാക്കണമെന്ന പ്രമേയം ഇതേ സിൻഡിക്കേററ് നേരത്തെ പാസാക്കിയിട്ടുണ്ട്.

c) കോഴിക്കോട്ട് നടന്നത് ഒരു രാഷ്ട്രീയക്കളിയുടെ അരങ്ങേററമായിരുന്നു. രാഷ്ട്രീയക്കളിക്ക് കൂട്ടുനിൽക്കാൻ നമ്മുടെ പ്രതിനിധിക്ക് ആവില്ല. ഈ സ്കെയിൽ കോളേജധ്യാപകനു കൂടി കിട്ടണമെന്ന രാഷ്ട്രീയമേന്മക്കാര്യത്തിൽ പ്രൊ: ജി. മാധവൻ നായർ കാണിച്ചുള്ളു.

### യു. ജി. സി സ്കെയിൽ സംഘടനയുടെ നിലപാട്

യു. ജി. സി നിരക്കിലുള്ള ദേശീയ ശമ്പള ഘടന ലഭിക്കുക എന്നത് എ. കെ. പി. സി. ടി. എ യുടെ എക്കാലത്തേയും ആവശ്യങ്ങളിൽ പ്രധാനപ്പെട്ടതാണ്. യു. ജി. സി നേടിയെടുക്കാൻ നമ്മൾ നടത്തിയിട്ടുള്ള സമരങ്ങൾ അനവധിയാണ്. തൊള്ളായിരത്തി എഴുപതുകളിൽ തുടങ്ങി 1987 വരെയുള്ള കാലഘട്ടങ്ങളിലൊക്കെ നാം ഈ ആവശ്യം മുൻനിർത്തി സമരങ്ങൾ നടത്തിയിട്ടുണ്ട്. ഈ സമരങ്ങളിലൊക്കെ കരിങ്കാലി പണിചെയ്ത് സംഘടിത ശക്തിയെ ചോർത്തിക്കളഞ്ഞവരാണ് ഇന്ന് യു. ജി. സി യുടെ പേരിൽ രക്തസാക്ഷിത്വം അവകാശപ്പെടുന്നതെന്ന് പ്രൊഫ: നാരായണൻകുട്ടി തന്റെ സമാപന പ്രസംഗത്തിൽ പറഞ്ഞു. 1987 ൽ ഇൻഡ്യയിലാകമാനം ഒരേ രീതിയിൽ ഒരേ തീയതിമുതൽ ഈ സ്കെയിൽ നടപ്പാക്കണമെന്നും, എല്ലാ അധ്യാപകർക്കും ഇതിന്റെ പ്രയോജനം ലഭിക്കത്തക്കവിധം യു. ജി. സി യുടെ അപ്രായോഗിക നി

എൻ. എസ്. എസ്. കോളേജ്, ധനുവച്ചപുരം.

## കൗൺസിൽ ഇലക്ഷനിൽ എ കെ പി സി ടി എ ക്ക് വൻവിജയം

ധനുവച്ചപുരം വി ടി എം എൻ എസ് എസ് കോളേജ് കൗൺസിലിലേക്ക് നടന്ന വാശിയേറിയ തിരഞ്ഞെടുപ്പിൽ എ കെ പി സി ടി എ യുടെ എല്ലാ സ്ഥാനാർത്ഥികളും വിജയിച്ചു. സ്ഥലംമാററ നിയമങ്ങൾ (64, 68 വകുപ്പുകൾ) നടപ്പാലാക്കരുതെന്നാവശ്യപ്പെട്ടുകൊണ്ട് മാനേജുമെൻറിനുവേണ്ടി കോടതിയിൽ കേസു പറഞ്ഞവരും അവർക്ക് എല്ലാവിധ ഒത്താശകളും ചെയ്തു കൊടുത്തവരും കൂടിയാണ് എ കെ പി സി ടി എ യ്ക്കെതിരെ മത്സരിച്ചത്. അവരുടെ തനിനിറം അറിയാവുന്ന അധ്യാപകർ അവരെ അമ്പേ പരാജയപ്പെടുത്തി. പ്രൊഫ. എം. ആർ. സുരേന്ദ്രനാഥ് (ബ്രാഞ്ച് സെക്രട്ടറി), പ്രൊഫ. ററി.എൻ. രാമൻ പിള്ള പ്രൊഫ. എം. ദിവാകരൻ നായർ, പ്രൊഫ. ആർ. മോഹനകൈമൾ എന്നിവരാണ് കൗൺസിലിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവർ.

---

ബന്ധനകൾ മാററിയെടുക്കണമെന്നും ആവശ്യപ്പെട്ട് നിയമലംഘനം ഉൾപ്പെടെയുള്ള സമര പരിപാടികൾ നാം നടത്തിയപ്പോൾ പ്രസ്താവനകളിറക്കി സമരം ചെയ്തവരുടെ ഇന്നത്തെ നിലപാട് അപലപനീയമാണെന്ന് അദ്ദേഹം പറഞ്ഞു. രാഷ്ട്രീയക്കളിക്കൊന്നും എ. കെ. പി. സി. ടി. എ തയ്യാറില്ല മറിച്ച് യു. ജി. സി നേടിയെടുക്കുന്ന കാര്യത്തിൽ സംഘടന കമ്മിററടാണ്. ഇപ്പോൾ കോഴിക്കോട് അരങ്ങേറിയ നാടകം കോളജ് അധ്യാപകന് യു. ജി. സി ലഭിക്കാനുള്ള നീക്കമായിരുന്നില്ലന്നെ അദ്ദേഹം വിശദമാക്കി.ഒരു ദിവസം എങ്കിലും ഈ ദേശീയ വേതനം നേടാൻ വേണ്ടി ത്യാഗം അനുഭവിച്ചവരില്ല അക്കൂട്ടത്തിൽ. ഇല്ലാത്ത അധികാരം ഉപയോഗിച്ച് കുറുക്കുവഴിയിലൂടെ നേടാനാകുന്നതല്ല യു. ജി' സി. ഇപ്പോൾ നടക്കുന്ന കോലാഹലങ്ങൾ നമ്മളെ പ്രതികൂലമായി മാത്രം ബാധിക്കുന്നു. യു. ജി. സി നിരക്കുകൾ എല്ലാവർക്കും ഒന്നിച്ച് ഒരുപോലെ നേടിയെടുക്കാനുള്ള പരിപാടികൾ സംഘടന ആസൂത്രണം ചെയ്തു വരുന്നു. ആവശ്യമെങ്കിൽ പ്രത്യക്ഷസമരം ഉൾപ്പെടെയുള്ള പരിപാടികൾ സംഘടന നടത്തും. മററുള്ളവർ പ്രഖ്യാപിക്കുന്ന സമരത്തിന്റെ പിന്നാലെപോയ ചരിത്രം സമരസംഘടനയായ നമുക്കില്ല. നമ്മൾ ആലോചിച്ച് ഭാവി പരിപാടികൾ തീരുമാനിക്കും. സർക്കാരുമായി ഏററുമുട്ടാനൊന്നും നമ്മളില്ല. അദ്ദേഹം വ്യക്തമാക്കി. ഏററുമുട്ടലുകളിലൂടെയല്ല മറിച്ച് സമരങ്ങളിലൂടെയാണ് നാം നേട്ടങ്ങൾ കൈവരിച്ചത്. ഇടതുപക്ഷ സർക്കാരായതു കൊണ്ടാണ് നമ്മൾ സമരം ചെയ്യാത്തതെന്ന ആരോപണത്തെ പ്രസിഡൻറ് പുച്ഛിച്ചു തള്ളി ഇടതുപക്ഷ സർക്കാരിന്റെ കാലത്താണ് എ. കെ. പി. സി. ടി. എ ഏററവും ശക്തമായ പ്രത്യക്ഷ സമരങ്ങൾ നടത്തിയിട്ടുള്ളതെന്ന് അദ്ദേഹം അക്കമിട്ടു പറഞ്ഞു. യു. ജി. സി സ്കെയിൽ നേടാൻ എ. കെ. പി. സി. ടി. എ പ്രതിജ്ഞാ ബദ്ധമാണെന്ന പ്രസിഡൻറിന്റെ ഉറച്ച പ്രഖ്യാപനം കേട്ടുകൊണ്ടാണ് ക്യാമ്പ് സമാപിച്ചത്.

(Contd).

APPENDIX—III

**Bond for Private College Teachers Proceeding on Deputation to Undergo M. Phil/P h D. Courses etc. of the Kerala/ Gandhiji and Calicut Universities under the Faculty Improvement Programme of the University Grants Commission**

KNOW ALL MEN BY THESE PRESENTS THAT WE, Shri .......................... .......................resident of ............................House .......................... Village, ..................................... Taluk ................................................................ ...................................... District at present employed as .......................... in the ............................................................College (hereinafter called the Bounden) and Shri ............................................................................ son of ........................................ (H.E. full address) and Shri ............... son of (here enter full address) (hereinafter called the Sureties) do hereby jointly and severally bind ourselves and our respective heirs executors and administrators to pay to the Governor of kerala (Hereinafter called the Government) on demand the entire amount drawn by the Bounden by way of pay and allowances for the period of his deputation to undergo M. Phil/Ph. D ...................... course under the University of ........................................ together with a penalty Rs. ................................ (in words also) with interest thereon from the date of demand at Government rate for the time being in force on Government loans or payment is made in a country other than India the equivalent of the said amount in the currency of the country converted at the official rate of exchange between that country and India and also all costs and all charges and expenses that shall or may have been incurred by Government for realisation thereof.

Signed and dated this ..............................................................day of........................ ..................................One thousand nine hundred and.............................................

Signed by Shri................................................................................(the bounden)
In the Presence of witnesses :-

1..................................................................

2................................................

Signed by Shri 1. ......................

2. ......................(Sureties)

In the presence of witnesses:-

1..................................................................

2..................................................................

WHEREAS the Management of ........................................ College........................... has agreed to depute the Bounden for the purpose of ........................................... for the period from ........................ to .............................................and have undertaken to protect his emoluments during the period of deputation, to give him necessary increments as and when due and to take him back to his post without affecting his seniority and other service benefits enjoyed by him previously.

WHEREAS the Government have in G. O. No .................................................dated ................................. (hereinafter called the said order which shall form part of this Deed as if incorporated herein) agreed to treat the Bounden as Government sponsored candidate for undergoing the course under the Faculty Improvement Programme of the University Grants Commission during the period specified above.

WHEREAS the Government have agreed to pay to theBounden during the period of the said deputation his full pay and allowances subject to the terms and conditions contained in the said order and those hereinafter appearing to which the Bounden and sureties have also agreed.

WHEREAS for the better protection of the Government the Bounden has agreed to execute this Bond with such conditions as hereunder written;

AND WHEREAS the said Sureties have agreed to execute this bond as sureties on behalfof the Bounden.

"Now THE ABOVE WRITTEN OBLIGATION IS THAT in the event of the Bounden failing to serve the ................................College (H.E. name of the College) for period of 5 years immediately and continuously after his return to duty on completion of his course the Bounden and Sureties shall forthwith pay to the Government on demand the amounts referred to above together with interest thereon at Government rates for the time being in force on Governmnet loans and in case the Bounden fails to complete the course successfully due to indifference or negligence on his part the Bounden and sureties shall pay to the Government a penalty of Rs ................ (in words also). together with interest at the rates mentioned above unless the Bounden successfully compeletes the course at his own expense within two years from the date of expiry of the period of deputation and upon payment of all such sums the above written obligation shall be void and of no effect otherwise this shall be and remain in full force and effect:

Provided further that the Bounden and sureties hereby agree that all sums due to Government under or by virtue of this Bond shall be recoverable jointly and severally from the Bounden and the Sureties and their properties both movable and immovable under the provisions of the Revenue Recovery Act for the time being in force, as though such sums are arrears of land revenue and in such other manner as the Governmet may deem fit:

Provided always that the liability of the sureties hereunder shall not be impaired or discharged by reason of time being granted or by any forbearance, act or omission of the Government or any person authoriseb by them (whether with or wjthoui the consent of

knowledge of the sureties) not shall it be necessary for the Government to sue the Bounden before sueing sureties or any of them for amounts due hereunder.

Signed and delivered by the Bounden Shri ..........................................................
In the Presence of witnesses :—

1 ......................................................

2 ......................................................

Signed and delivered by the sureties Shir..........................................................and ........................................

In the presence of witnesses :—

1. ..............................

2. ..............................

## APPENDIX—VIII

### Bio-data

1. Name of Teacher-Fellow :
2. Sex :
3. Age and date of birth :
4. Date of Superannuation :
5. Permanet Address :
6. Wheather belongs to SC/ST :
7. Details of Academic qualifications :

| Qualifications | Year of Passing | % of marks and class | University or Institution |
|---|---|---|---|
| | | | |

8. The Post held :
9. Date of commencement of continuous service as college teacher :
10. Details of experience in teaching at college level :

| Institutions | Designation | Period of duty |
|---|---|---|
| | | |

11. Details of previous deputation if any :
13. Date of application to U.G.C. :
14. Signature of Teacher-Fellow with date :
15. Counter-signature of Principal with date and seal :

(Contd)

No plg. Trivandrum, Dated

From

THE DIRECTOR OF COLLEGIATE EDUCATION

To

The principal,

..............................................................

.............................................

Sir,

Sub:- Collegiate Education Department-Faculty Improvment programme of U. G. C–Execution of bond-regarding-

Ref:- 1. G.O. Rt, No.

2. Your proposal No.

As per the Government order referred to above, deputation is sanctioned to Sri/Smt ..............................................................

..............................................................

of your college for doing M.Phil/Ph.D. I therefore request you to obtain and forward the bond executed by the Teacher fellow in stamp paper worth Rs-30/.

The following instructions should be strictly adhered to when the bond is executed. The bond should be thoroughly scrutinised by the bounden as well as by you and ensured that the bond is free from defects.

1. The bond should be free from errors overtyping, corrections Scoring, interlineations etc. and properly signed by bounden, Sureties and witness wherever necessary.
2. Over writing in Signature will not be admitted.
3. Only one side of the bond paper should be used.
4. The bond should be typewritten neatly in double space in bond or ledger paper.
5. Deletions or additions if any should be attested by full signature.
6. Interlineations if any should be typewritten. Both type written and handwritten parts should not be found in the same bond.
7. If there are corrections in the bond they should be noted at the last portion of the body and above the signature of the sureties and witnesses. The page and place of corrections should be specifically stated in the statment.

Correction Statement To be given before the Signature of the bounden on the last page. "There are no correction, erasures, overtyping, scoring, interlineation, except the following: P ........ Line ..........etc.

8. Overtyping or over writing will not be admitted.
9. Principal of the College should be one of the witnesses.
10. The date of execution of bond should be on or after the date of purchase of bond paper.
11. The permanent addressd ofthe Teacher Fellow should be as shown in the Bio-data with Post Office, Village, Taluk and District. Care of address and address in respect of official quarters etc. will not be accepted.
12. Both the permanent address and official address of the Teacher Fellow and Sureties should be shown in the bond.

# വിദ്യാഭ്യാസ മന്ത്രിക്ക് മെമ്മോറാണ്ടം

The Hon. Minister for Education,
Government of Kerala.

Sir,

Sub: Implementation of section 64 of the Kerala and Calicut University Acts and section 68 of the Mahatma Gandhi University Act-Appeals filed before the Goverment-vacating of the stay orders-early hearing of appeals request for.

We wish to bring to your attention the following for your consideration and favourable orders.

At the very outset we wish to record our sincere gratitude to the Government of Kerala especially the Hon.Minister for Education for giving life to section 64 of the Kerala and Calicut University Acts which to a very large extent liberated the private College Teachers, under the Corporate managements from persistant victimisation. Further we are also grateful for promulgating the statutes in record time.

As per the law and as per thc decision of the Hon. Division Bench of the High Court of Kerala consisting of the chief Justice Bhaskaran Nambiar, the Corporate managements of N. S. S. and the Travancore Devaswom Board have already complied with the provisions of the Act and statutes framed thereunder. Allotments and consequent transfer and postings are effected in the case of above two managments.

But the Sree Narayana Trust a Corporate educational agency has not issued the transfer orders, though it has published the seniority list add orders of allotments. According to them the transfer orders are kept pending because of the stay orders issued by the Higher Education Department of the Government of Kerala.

The teachers under the Corporate management of the S. N. Trust is put to heavy hardship because of this delay in the issue of transfer orders.

Under these circumstances we request your goodself to order for the vacating of all stay orders issued by the Government wrth respect to teachers under the Corporate management of S. N. Trust and to post all cases for final hearing at an early date.

Thanking you'

Yours faithfully,

P. Narendran

Gen : Secretary.

---

13. The bond not in conformity with the above instructions will be reutrned for necessary improvement or execution of fresh bond. Please avoid such instances whih will create hardshipsto the Teacher Fellow and unnecessary correspondence.

I therefore request you to please verify the bonds and send it to the office withau covering letter getting this office reference-

Yours faithfully,

Sd/-

SPECIAL OFFICER (U. G. C.)

For DIRECTOR OF COLLEGIATE EDUCATION

# ഡോക്ടറേററ് ലഭിച്ചു



പ്രൊഫ: പക്രുട്ടി                    വി. സി. ഹാരീസ്

മമ്പാട് ഡി. ജി. എം. എം. ഇ. എസ് കോളേജിലെ സുവോളജി അധ്യാപകനായ പ്രൊ: പക്രുട്ടിക്ക് കോഴിക്കോട് യൂണിവേഴ്സിററിയിൽ നിന്നും പി. എച്ച്. ഡി.ബിരുദം ലഭിച്ചു. "Studies on the Digestive Organs of Insects" എന്ന വിഷയത്തിലാണ് ഗവേഷണം നടത്തിയത്.

ഡോ: പക്രുട്ടി എ കെ പി സി ടി എ യുടെ ഒരു സജീവ പ്രവർത്തകനാണ്. മമ്പാട് ഡി. ജി. എം. എം. ഇ. എസ്. കോളേജിലെ സംഘടനാ പ്രവർത്തകർ പ്രൊഫ. പക്രുട്ടിയെ പി. എച്ച്. ഡി. അവാർഡ് കിട്ടിയതിൽ അനുമോദിക്കുകയുണ്ടായി.

ഫറൂഖ് കോളേജിലെ ഇംഗ്ലീഷ് അധ്യാപകൻ ശ്രീ വി.സി.ഹാരീസിന് കേരള യൂണിവേഴ്സിററിയിൽ നിന്നും ഇംഗ്ലീഷ് സാഹിത്യത്തിൽ ഡോക്ടറേററ് ലഭിച്ചു. "Emily Dickinson and Sylviaplath: A Comparative Study in Poetic Sensibility" എന്നതായിരുന്നു ഗവേഷണ വിഷയം. ഡോ: അയ്യപ്പ പണിക്കരുടെ മേൽ നോട്ടത്തിലാണ് ഗവേഷണം നടത്തിയത്.

ഡോ: ഹാരിസ് എ കെ പി സി ടി എ യുടെ ഒരു സജീവ പ്രവർത്തകനാണ്. ഫറൂക്ക് കോളേജിലെ സംഘടനാ പ്രവർത്തകർ പ്രസിഡൻറ് പ്രൊ: വി. എൻ. ഹാരിസിൻെറ അധ്യക്ഷതയിൽ യോഗം ചേർന്ന് ഇദ്ദേഹത്തെ അനുമോദിക്കുകയുണ്ടായി.

# അക്കാദമിക്ക് കൗൺസിൽ തെരഞ്ഞെടുപ്പ്

## എ കെ പി സി ററി എ- എ കെ ജി സി ററി സഖ്യത്തിന് വൻ വിജയം.

കേരള, കോഴിക്കോട് സർവ്വകലാശാല അക്കാദമിക് കൗൺസിലിലേക്ക് നടന്ന വാശിയേറിയ തിരഞ്ഞെടുപ്പുകളിൽ ബഹുഭൂരിപക്ഷം സീററിലും എ കെ പി സി ടി എ – ഐക ജി സി ടി സഖ്യത്തിന്റെ സ്ഥാനാർത്ഥികളെ തിരഞ്ഞെടുത്തു കൊണ്ട് ഈ സംഘടനയിലുള്ള അധ്യാപകരുടെ വിശ്വാസം ഒരിക്കൽക്കൂടി തെളിയിച്ചിരിക്കുന്നു. ഇത്തവണ എ. കെ. പി. സി. ടി. എ– എ. കെ. ജി. സി. ടി സഖ്യത്തെ എതിർക്കുന്നതിന് പി സി ടി എ, ജി സി ടി ഒ, എം ആർ സി ഗ്രൂപ്പ് എന്നിവരൊന്നിച്ച് രംഗത്തുണ്ടായിരുന്നു. എന്നിട്ടും നാമമാത്രമായ സ്ഥാനങ്ങളെ അവർക്ക് ലഭിച്ചുള്ളു.

അധ്യാപകരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനും അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിച്ച് കിട്ടുന്നതിനും വേണ്ടിയാണ് ഇക്കാലമത്രയും എ കെ പി സി ടി എ പ്രവർത്തിച്ച് പോന്നിട്ടുള്ളത്. ഒരു കാലത്ത് സ്വകാര്യ കോളേജ് അധ്യാപകരുടെ സ്വപ്നം മാത്രമായിരുന്ന പാരിററി, ഡയറക്ട് പേമെൻറ്, ഏൺഡ് ലീവ്, യൂണിവേഴ്സിററി നിയമങ്ങളിലെ 64–ാം വകുപ്പ് നടപ്പാക്കൽ തുടങ്ങിയ ഒട്ടനവധി നേട്ടങ്ങൾ യാഥാർത്ഥ്യമാക്കിയത് എ കെ പി സി ടി എ യുടെ സംഘടിത ശക്തിയാണ്. യു ജി സി ശമ്പള സ്കെയിൽ അധ്യാപകരുടെ അവകാശമായി അംഗീകരിപ്പിക്കുന്നതിനും അവ നടപ്പിലാക്കി കിട്ടുന്നതിനും വേണ്ടിയുള്ള സമരങ്ങൾക്ക് എ കെ പി സി ടി എ നേതൃത്വം നൽകിവരുന്നു.

കോഓപ്പറേററ് മാനേജ്മെൻറ് കോളേജുകളിലെ അധ്യാപകരുടെ ചിരകാലാഭിലാഷമായിരുന്നു ഇൻറർ യൂണിവേഴ്സിററി സ്ഥലം മാററം നിർത്തലാക്കണമെന്നത്. ഇവ സംബന്ധിച്ച് നിയമ നടപടികൾ സ്വീകരിപ്പിക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും മുൻകൈ എടുത്തത് എ കെ പി സി ടി എ മാത്രമാണ്. ഇതിനെതിരെ മാനേജുമെൻറുകളുടെ കൂടെ നിന്ന് ഒളിഞ്ഞും തെളിഞ്ഞും പയററിയവരാണ് മററ് എല്ലാ സംഘടനക്കാരും. വസ്തുതകൾ ഇതായിരിക്കെ എ കെ പി ടി സി എ ക്ക് എതിരെ കക്ഷി രാഷ്ട്രീയം ആരോപിച്ച് അധ്യാപകരെ തെററിദ്ധരിപ്പിക്കുന്നതിനുള്ള ശ്രമം വിലപ്പോവില്ലെന്ന് അക്കാദമിക് കൗൺസിൽ തെരഞ്ഞെടുപ്പിൽ ... ടി.. വിജയം ഒരിക്കൽ കൂടി തെളിയിച്ചിരിക്കുന്നു.

ഈ അഭിമാനാർഹമായ വിജയം നേടുന്നതിന് വേണ്ടി പ്രവർത്തിക്കുകയും സഹകരിക്കുകയും ചെയ്ത എല്ലാ അധ്യാപക സുഹൃത്തുക്കൾക്കും എ കെ പി സി ടി എ വർക്കിംഗ് കമ്മററിയുടെ അഭിവാദനങ്ങൾ.

### തെരഞ്ഞെടുക്കപ്പെട്ടവർ


### കേരള യൂണിവേഴ്സിറ്റി

| | | | |
|---|---|---|---|
| 1 | ഇംഗ്ലീഷ് | : | പ്രൊഫ: എൽ. ജി. വർഗീസ്<br>ടി. കെ. എം. എം. കോളേജ്,<br>നങ്ങ്യാർകുളങ്ങര |
| 2 | മലയാളം | : | പ്രൊഫ: വി. രമേശ്ചന്ദ്രൻ<br>എൻ. എസ്. എസ്. കോളേജ്,<br>ചേർത്തല |
| 3 | ഹിന്ദി | : | പ്രൊഫ: എൻ. മാധവൻകുട്ടി നായർ<br>യൂണിവേഴ്സിററി ഈവനിംഗ് കോളേജ്,<br>തിരുവനന്തപുരം. |
| 4 | അറബിക് | : | പ്രൊഫ: അലിയാരുകുഞ്ഞ്<br>യൂണിവേഴ്സിററി കോളേജ്,<br>തിരുവനന്തപുരം. |
| 5 | ഇക്കണോമിക്സ് | : | പ്രൊഫ: കെ. എൻ. ഗംഗാധരൻ<br>യൂണിവേഴ്സിററി കോളേജ്,<br>തിരുവനന്തപുരം. |
| 6 | പൊളിററിക്സ് | : | പ്രൊഫ: ജി. പുരുഷോത്തമൻ<br>എസ്. എൻ. കോളേജ്,<br>കൊല്ലം. |
| 7 | ഫിലോസഫി | : | പ്രൊഫ: കെ. മാധവൻ നായർ<br>ഗവ: വിമൻസ് കോളേജ്,<br>തിരുവനന്തപുരം. |
| 8 | കോമേഴ്സ് | : | പ്രൊഫ. ജി. ബലഭദ്രൻ<br>എസ്. എൻ. കോളേജ്,<br>കൊല്ലം. |
| 9 | മാത്മാററിക്സ് | : | പ്രൊഫ: കെ. പി ദിവാകരൻ നായർ<br>എൻ. എസ്. എസ്. കോളേജ്,<br>ധനുവച്ചപുരം. |
| 10 | കെമിസ്ട്രി | : | ഡോ: ആർ. ശിവരാമകൃഷ്ണപിള്ള<br>എൻ. എസ്. എസ്. കോളേജ്,<br>പന്തളം. |
| 11 | സ്ററാററിസ്ററിക്സ് | : | പ്രൊഫ: എസ് പരമേശ്വരൻപിള്ള<br>ബിഷപ്പ് മൂർ കോളേജ്,<br>മാവേലിക്കര. |

## കോഴിക്കോട് യൂണിവേഴ്സിററി


| | |
|---|---|
| ഇംഗ്ലീഷ് : | പ്രൊഫ: ജോസഫ് വർഗീസ്<br>സെൻമേരീസ് കോളേജ്<br>സുൽത്താൻ ബത്തേരി |
| മലയാളം : | പ്രൊഫ: പി. വിശ്വനാഥൻ<br>എസ്. എൻ. കോളേജ്<br>കണ്ണൂർ. |
| ഹിന്ദി : | ഡോ. പി. ബാലകൃഷ്ണൻ<br>ഗവ: ബ്രണ്ണൻ കോളേജ്,<br>തലശ്ശേരി. |
| സംസ്കൃതം : | പ്രൊഫ: വി. പി. രാമൻകുട്ടി<br>ഗവ: സംസ്കൃത കോളേജ്,<br>പട്ടാമ്പി. |
| തമിഴ് : | പ്രൊഫ: ഹരിഹര സുബ്രമണി അയ്യർ<br>ഗവ: കോളേജ്,<br>ചിററൂർ. |
| ഫിസിക്സ് : | പ്രൊഫ: വി. ടി. ദേവസ്യ<br>നെഹ്റു ആർട്സ് ആൻറ് സയൻസ് കോളേജ്,<br>കാഞ്ഞങ്ങാട്. |
| കെമിസ്ട്രി : | പ്രൊഫ: എം. പി. ശ്രീധരൻ നായർ<br>മലബാർ കൃസ്ററ്യൻ കോളേജ്,<br>കോഴിക്കോട്. |
| സുവോളജി : | പ്രൊഫ: കെ. രാഘവൻ<br>ശ്രീകൃഷ്ണാ കോളേജ്,<br>ഗുരുവായൂർ. |
| ബോട്ടണി : | പ്രൊഫ: ഇ. ഡി. വർഗീസ്<br>സെൻറ് തോമസ് കോളേജ്,<br>തൃശൂർ. |
| സ്ററാററിസ്ററിക്സ് : | പ്രൊഫ: സി. എച്ച്. യൂസഫ്<br>ഫറൂഖ് കോളേജ്,<br>ഫെറോക്ക് |
| കോമേഴ്സ് : | പ്രൊഫ: എം. ശ്രീധരൻ നായർ<br>പി. ആർ. എൻ. എസ്. എസ്. കോളേജ്,<br>മട്ടന്നൂർ. |
| ഹിസ്ററി : | പ്രൊഫ: പി. കെ. ബാലകൃഷ്ണൻ |
| സോഷ്യോളജി : | പ്രൊഫ: ദാമോദരൻ നമ്പൂതിരി |
| ജിയോളജി : | പ്രൊഫ: ഗോപാലകൃഷ്ണൻ |
| ഫിലോസഫി : | ഡോ. പി. വി. ഉണ്ണികൃഷ്ണൻ<br>ഗവ: ഈവനിംഗ് കോളേജ്,<br>കോഴിക്കോട്. |

# ഇടശ്ശേരി അവാർഡ് ഹാഫീസ് മുഹമ്മദിന്



1988 ലെ ഇടശ്ശേരി അവാർഡ് ചെറുകഥാകൃത്തായ ഹാഫീസ് മുഹമ്മദിന് ലഭിച്ചു. ഹാഫീസിന്റെ 'പുഴയും പൂവും' എന്ന കഥാസമാഹാരമാണ് അവാർഡിന് അർഹമായത്. രണ്ടായിരം രൂപയും പ്രശംസാപത്രവുമാണ് അവാർഡ്.

ചിത്രകാരൻ കൂടിയായ ഹാഫീസ് ഫറൂഖ് കോളേജ് അധ്യാപകനാണ്. എ കെ പി സി ടി എ യുടെ സജീവപ്രവർത്തകനും. ജേർണലിന്റെ പത്രാധിപ സമിതി അംഗമായും എ കെ പി സി ടി എ സംസ്ഥാന കൗൺസിൽ അംഗമായും ശ്രീ. ഹാഫീസ് പ്രവർത്തിച്ചിട്ടുണ്ട്.



# പി കെ. ഹരികുമാറിന് തുഞ്ചൻ സ്മാരക സമ്മാനം

'കാവ്യഭാഷയുടെ വികാസം — സ്വാതന്ത്ര്യാനന്തര മലയാള കവിതയിൽ' എന്ന വിഷയത്തെ ആസ്പദമാക്കി കേരള സാഹിത്യ അക്കാദമി 1988–ൽ നടത്തിയ പ്രബന്ധ മത്സരത്തിനു തുഞ്ചൻ സ്മാരകസമ്മാനം ശ്രീ. പി. ആർ. ഹരികുമാറിനു ലഭിച്ചു. ചെറുകഥാകൃത്തു കൂടിയായ ഹരികുമാർ കാലടി ശ്രീശങ്കരാ കോളേജിലെ മലയാളം അധ്യാപകനാണ്. എ കെ പി സി ടി എ യുടെ സജീവാംഗവുമാണ്.

---

**കോളേജ് കൗൺസിൽ ഇലക്ഷൻ**

നെന്മാറ എൻ എസ് എസ് കോളേജ് കൗൺസിൽ ഇലക്ഷനിൽ എ കെ പി സി ടി എ സ്ഥാനാർത്ഥികൾ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു കൗൺസിൽ മെമ്പർമാരായി പ്രൊഫ: ജി. പ്രകാശ് (ജില്ലാ സെക്രട്ടറി, എ കെ പി സി ടി എ) പ്രൊഫ: കെ. വാസുദേവൻ പിള്ള എന്നിവരും സ്റ്റാഫ് ക്ലബ് സെക്രട്ടറിയായി ശ്രീ. സി. മുരളീധരനുമാണ് തെരഞ്ഞെടുക്കപ്പെട്ടത്.

---

# GOVERNMENT OF KERALA

## Abstract

Kerala Government Servants Medical Attendance Rules-Prior Sanction of claims-Ceiling limit revised-orders issued.

---

HEALTH & FAMILY WELFARE (G) DEPARTMENT

G. O. (MS) 193/88/H&FWD. Dated, Trivandrum' 24-10-1988

---

Read :-

1. G o. (P) No. 287/80/HD dt. 1-11-80.
2. G o. (P) No. 9/81/HD dt. 7-1-81.
3. Circular No. 40658/G2/85/H&FWD. dt. 18-10-85.
4. Circular No. 9530/G2/88/H&FWD. dt. 3-10-1988.

## ORDER

The Karala Government Servants Medical Attendance Rules read with the above orders stipulate that amount up to Rs. 200/- can be sanctioned for reimbursement by the departments concerned without verification by District Medical Officer and claims. amounting from Rs. 201/-upto Rs. 500/-have to be got scrutinised by the concerned District Medical Officer (Health) or District Medical Officer (Indian Systems of Medicine) as the case may be before sanctioning the claims by the department and that all claims above Rs. 500/-have to be got scrutinised by the Director of Health Services/Directot of Indian Systems of Medicine before sanction is accorded for reimbursement.

Government are now pleased to order that the ceiling for scrutiny/sanction of medical reimbursement claims now fixed as per Kerala Government Servants Medical Attendance Rules will be revised as follows:

1. Verification and sanction by the department concerned-claims upto Rs. 500/-
2. Prior verification by the concerned District Medical Officers-and sanction by the depaitments Rs.501/-to Re. 1000/-
3. Prior verification by Director of Health Services/ The Director of Idian Systems of Medicine and sanction by the deparments Rs.10001/- and above.

By Order of the Governor,

S. Padmanabha kurup,
Under Secretary,

GOVERNMENT OF KERALA

No. 48584/B2/88/H.Edn.
Higher Education (B) Dept.,
Trivandrum. dt: 9-1-1989.

From

The Commr. & Secretary to Govt.

To

The Director of Collegiate Educaiton,
Trivandrum.

Sir,

Sub :- Higher Education- Indefinite strike by a Section of University/College Teachers- Making good of the lost working days-clarification-

Ref :- 1. G. O. (Ms) No. 252/7H/-8 Ede. dt. 26-9-1987

2. Govt. letter No. 7767/B2/88/H. Edn. dt 10.11.1988.

I am directed to invite your attention to the references cited. I am to inform you that all teachers who have completed their teaching work of 1987-88 during that year itself by working on Saturdays, may be treated as having conformed to the requirements of G. O. (Ms) No. 252/87/H. Edn. dt. 26.9.1987.

Yours faithfully.

for Commr. & Secretary to Government

Copy to : AllDeputy. Directors of Collegiate Education.
Tha General Secretary,
All Karala Private College Teachers' Association, State Commitee Office, Ambujavilasom Road
Trivandrum, 695001.

---

**അങ്ങാടിയിൽ തോററതിന് .... .... .... .... .... ....**

അന്തർ സർവ്വകലാശാല സ്ഥലംമാററങ്ങൾ നിർത്തലാക്കിക്കൊണ്ടുള്ള 64–ാം വകുപ്പ് നടപ്പിലാക്കുന്നതിനെതിരെ എല്ലാ അടവുകളും പയററി പരാജയപ്പെട്ട എസ്. എൻ മാനേജ്മെൻറ് അധ്യാപകരെ ദ്രോഹിക്കുന്നതിന് മററു മാർഗങ്ങൾ പരതുകയാണ്. ഓപ്ഷൻ അനുസരിച്ച് അതാതു യൂണിവേഴ്സിററി മേഖലകളിലേക്ക് സ്ഥലം മാററപ്പെട്ട അധ്യാപകരെ അസൗകര്യമായ കോളേജുകളിൽ പോസ്റ്റിംഗ് നടത്തുന്നതിന് മാനേജ്മെൻറ് പ്രത്യേകം ശ്രദ്ധിച്ചിരിക്കുന്നു. അധ്യാപകർക്ക് അർഹതപ്പെട്ട ഹാഫ്പേലീവിന് അപേക്ഷിച്ചാൽ ലീവ് പാസാക്കാതിരിക്കുകയും അങ്ങനെ അധ്യാപകർക്ക് ശമ്പളം കിട്ടാതാക്കുകയും ചെയ്യുക എന്നത് എസ്. എൻ മാനേജ്മെൻറിൻെറ ഒരു ക്രൂര വിനോദമായിരിക്കയാണ്. ഇത് ഒരു പക പോക്കൽ ആയാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. അങ്ങാടിയിൽ തോററതിന് അമ്മയോട് വേണോ? അധികാര ദുർവിനിയോഗം അധികാരം കൈവിട്ടു പോകാനേ ഉപകരിക്കൂ എന്ന് മാനേജ്മെൻറിനെ ഓർമ്മിപ്പിക്കട്ടെ !

എ കെ പി സി ടി എ ക്ക്
ഗവൺമെൻറ് അംഗീകാരം

# GOVERNMENT OF KERALA

## Abstract

The All Kerala Private College Teachers' Association-Recognition granted-Orders issued.

---

HIGHER EDUCATION (D) DEPARTMENT

**G.O (MS) No: 17/89/H/Edn.** **Dated, Trivandrum ,23rd January 1989.**

---

Read :- Letter dated 10-11-'88 from the General Secretary, The All Kerala Private College Teachers' Association, Trivandium-1.

ORDER

Government are pleased to grant recognition to The All Kerala Private College Teachers' Association.

By Order of the Governor,
T. K. Alex
Joint Secretary to Government.

Copy to:

The General Secretary' The All Kerala Private College Teachers' Association.
The Director of Collegiate Education Trivandrum.
The Registrar, University of Kerala, Trivandrum.
The Registrar, University of Calicut.
The Registrar, Mahatma Gandhi University, Kottayam.

(forwarded/by Order)
(Sd)
Section Officer.

**Kerala Private College Teacher**

monthly journal of the all kerala private college teachers' association
No. 85 & 86 R. No. M-36025/81 Registered No. KL/TV (N) 35

# എ കെ പി സി ടി എ
## 31—ാം സംസ്ഥാന സമ്മേളനം
### തിരുവല്ലയിൽ

## മാർച്ച് 10, 11, 12 തീയതികളിൽ

വിദ്യാഭ്യാസ സമ്മേളനം
ട്രേഡ് യൂണിയൻ സമ്മേളനം
യാത്ര അയപ്പ്
ക്ഷേമനിധി വിതരണം

## മാർച്ച് 11ന് വമ്പിച്ച പ്രകടനം

printed and published by v. narayanankutty at chempaka printers
trivandrum-4 phone: 82127 Managing editor k. p. divakaran nair.